25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 7 No. 8, 15 August 2019

എഡിറ്റോറിയൽ

# ഈ ശ്രമമെന്തിന് ?

മലങ്കരസഭാ തർക്കത്തിന് സമവായത്തിലൂടെ പരിഹാരം കാണാൻ കേരളസംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടക്കുന്നതായി മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്നും അവർ യാക്കോബായ-ഓർത്തഡോക്സ് കക്ഷികളെ അടുത്ത ദിവസം ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നു എന്നും അറിഞ്ഞു. സഭാതർക്കം സംബന്ധിച്ച് 1995, 96, 2002, 2017,2019 വർഷങ്ങളിൽ ബ.സുപ്രീം കോടതിയിൽ നിന്ന് വിധികൾ ഉണ്ടായിട്ടുണ്ട്. ഓരോ തർക്കവിഷയവും സംബന്ധിച്ച സമഗ്രവും സുവ്യക്തവുമായ തീർപ്പുകൾ ഈ വിധികളിലുണ്ട്. ഒടുവിൽ ഇതു സംബന്ധിച്ച് യാക്കോബായ പക്ഷത്തിന്റെ ഒരു പരാതിയും മേലിൽ സ്വീകരിക്കേണ്ടതില്ലെന്ന് സുപ്രീം കോടതി കീഴ്ക്കോടതികൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ ചുറ്റുപാടിൽ സർക്കാർ ഒരു സമവായത്തിന് ശ്രമിക്കുന്നതിന്റെ ലക്ഷ്യം നിഷ്പക്ഷമെന്നു കരുതാൻ ഓർത്തഡോക്സ് സഭയെ മുൻ അനുഭവങ്ങൾ അനുവദിക്കുന്നില്ല. യാക്കോബായ വിഭാഗം ഈ ഉദ്യമത്തോട് പരിപൂർണ്ണ സഹകരണം പ്രഖ്യാപിച്ചതായും പത്രങ്ങളിൽ വായിച്ചു. നല്ലത്.

എന്നാൽ ഓർത്തഡോക്സ് സഭയ്ക്ക് ഈ വിഷയത്തിൽ ഒരു സമവായത്തിന്റെ ആവശ്യവും പ്രസക്തിയും ഫലപ്രാപ്തിയും ബോധ്യമാകുന്നില്ല. ഒരു നൂറ്റാണ്ടിലധികം നീണ്ട വ്യവഹാരപരമ്പരയ്ക്ക് അന്ത്യം കുറിച്ച സുപ്രീം കോടതി വിധി മയപ്പെടുത്താൻ ഭാവവുമില്ല. മാനുഷികപരിഗണനകൾ വിധി നടപ്പിലാക്കിയ ശേഷവും സാധ്യമാണല്ലോ? സമവായശ്രമത്തിൽ ഓർത്തഡോക്സ് സഭ സഹകരിക്കുന്നതല്ലെന്ന് കാര്യകാരണസഹിതം സഭാസെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മന്ത്രി സഭാ ഉപസമിതിയെ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.

സുപ്രീംകോടതി വിധി ലക്ഷ്യമാക്കുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള സഭായോജിപ്പും സമാധാനപരമായ സഭാ ഭരണവുമാണ്. അല്ലാതെ പിളർപ്പും പങ്കുവയ്ക്കലുമല്ല. എന്നാൽ ആ വസ്തുത മറച്ചുവച്ചുകൊണ്ട് വിധിനടപ്പാക്കിയാൽ പള്ളികൾ പണികഴിപ്പിച്ചവർക്ക് അവ നഷ്ടപ്പെടുമെന്നും ശവമടക്കാൻ പോലും സാധിക്കാതെ വരുമെന്നുമെല്ലാമുള്ള നുണപ്രചാരണങ്ങൾ യാക്കോബായ നേതൃത്വവും ചില മാധ്യമങ്ങളും നടത്തി വരുന്നു. യാക്കോബായക്കാരെ നിലനിർത്താൻ അതാവശ്യമാണല്ലോ. എന്നാൽ മാധ്യമങ്ങൾ സത്യം അറിഞ്ഞ് അതനുസരിച്ചു റിപ്പോർട്ടു ചെയ്യുകയാണ് വേണ്ടത്. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതുവഴി ഒരു വിശ്വാസിക്കും പള്ളിയിലൊ സിമിത്തേരിയിലൊ ഉള്ള യാതൊരു അവകാശവും നഷ്ടപ്പെടുകയില്ല. എന്നാൽ 34ലെ സഭാ ഭരണഘടന വിട്ട് 2002ലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ഭരണഘടന സ്വീകരിക്കുകയൊ ആ സഭയിൽ ചേരുകയൊ ചെയ്താൽ അതുവഴി അവർക്ക് മേൽപറഞ്ഞ രണ്ട് അവകാശങ്ങളും ഇല്ലാതാകും.

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ഈ ശ്രമമെന്തിന്?** ........ 1

**സഭ, വിശ്വാസം, മതസൗഹാർദ്ദം** ........ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വി. യാക്കോബ് ശ്ലീഹ** ........ 6
ഫാ. ഫ്രാൻസിസ് ഗോൺസാൽവസ്

**സഭയും ചുമതലകളും** ........ 7
എം. സൈമൺ

**വഴി തെറ്റിക്കരുത്: ഇടർച്ച ഉണ്ടാക്കുകയും അരുത്** ........ 9
ഡോ. തോമസ് മാർ അത്താനാസ്യോസ്

**കാലാവസ്ഥാ വ്യതിയാനവും സഭകളുടെ ധർമ്മവും** ........ 12
പ്രൊഫ. (ഡോ.) കെ.പി. ജോയി

**പിറവി** ........ 14
ജോയി മേങ്കോട്ടിൽ

**പട്ടാളച്ചിട്ട: മനഃശാസ്ത്ര വീക്ഷണം** ........ 15
ഫാ. എഡ്വേർഡ് ജോർജ്

മാധ്യമങ്ങളും സർക്കാരും ഇക്കാര്യം വേണ്ടവിധം മനസ്സിലാക്കുകയൊ അതിനനുസരിച്ച് പ്രതികരിക്കുകയൊ ചെയ്തുകാണുന്നില്ല.

ഓർത്തഡോക്സ് സുറിയാനി സഭ അതിന്റെ പൂർവ്വിക വിശ്വാസത്തിലൊ, ആരാധനാചാരങ്ങളിലൊ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. 'മാർ തോമാ ശ്ലീഹായ്ക്ക് വൈദികപട്ടം പോലുമില്ല' എന്നതുമാത്രമാണ് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകൾക്കുള്ളിൽ സഭയിൽ കൊണ്ടുവരാൻ ശ്രമിച്ച ഏക വിശ്വാസ വിപരീതം. അതിന്റെ ഉപജ്ഞാതാവാകട്ടെ അന്ത്യോഖ്യാപാർത്രിയർക്കീസുമാണ്. അതു പറഞ്ഞുള്ള കൽപന ഇതേവരെ തിരുത്തിയിട്ടുള്ളതായും അറിവില്ല. നേരേമറിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ആത്മീയമേലദ്ധ്യക്ഷരിൽ ഒന്നാമതായി ഇന്നും കുർബ്ബാനയിൽ ഓർത്ത് മധ്യസ്ഥത യാചിക്കുന്നത് പാത്രിയർക്കീസിനു വേണ്ടിയാണ്. കോടതി അംഗീകരിച്ചിട്ടില്ലെങ്കിലും പാത്രിയർക്കീസ് ബാവ. പരി.കാതോലിക്കാബാവയെയും അനുയായികളെയും മുടക്കിയിരിക്കുകയാണ് എന്ന് ഓർക്കുമ്പോഴാണ് വേദ വിപരീതത്തിന്റെ ചിത്രം ഒന്നുകൂടിവ്യക്തമാകുന്നത്. എന്നിട്ടും മധ്യസ്ഥ പ്രാർത്ഥനയിൽ ഒന്നാമതായി അദ്ദേഹത്തെ സ്മരിക്കുന്നവരാണ് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ! ഇത് അദ്ദേഹത്തോടുള്ള പരിഗണനയും ആദരവുമല്ലേ കാണിക്കുന്നത്?

1958 ലേതിൽ നിന്ന് വ്യത്യസ്തമായി 1995-ലെ സുപ്രീംകോടതി വിധി അന്നുവരെ ഇരുപക്ഷത്തുമുണ്ടായിരുന്ന മെത്രാപ്പോലീത്തമാരെ അംഗീകരിച്ച് 1958 മുതൽ 72 വരെ 14 വർഷക്കാലം നിലവിലിരുന്ന 34 ലെ സഭാഭരണഘടനയ്ക്ക് എല്ലാവരും വിധേയരായി സഭ ഒന്നായിത്തീരണമെന്നായിരുന്നു. അങ്ങനെ ഭരണഘടന നിർവ്വചിക്കുന്ന അധികാരാവകാശങ്ങളോടുകൂടിയ ഒരു പാത്രിയർക്കീസും ഒരു കാതോലിക്കയും ഒരു ഭരണഘടനയുമുള്ള ഏക സഭയായി മലങ്കസഭ മുന്നോട്ടുപോകണമെന്നായിരുന്നു വിധിയിലെ നിർദ്ദേശം. ഇതിലെ നേട്ടവും നന്മയും മനസ്സിലാക്കുവാനും സ്വീകരിക്കുവാനും പാത്രിയർക്കീസ് പക്ഷത്തെ അധികംപേർക്കും കഴിയാതെ പോയി. മാത്രമല്ല, സുപ്രീം കോടതി നിർദ്ദേശിച്ച പരുമലയോഗം ബഹിഷ്കരിച്ച് അവർ 2002-ൽ പുതിയ ഭരണഘടനയുണ്ടാക്കി യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ രൂപീകരിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വിട്ടുപോയി സമാന്തര ഭരണത്തിനു ശ്രമിച്ചു. അതിന്റെ ഭവിഷ്യത്തുകളാണ് ഇന്നവർ അനുഭവിക്കുന്ന മുഴുവൻ ദുരവസ്ഥകൾക്കും അവ പരിഹരിക്കുവാൻ വേണ്ടി നടത്തുന്ന സകല നിയമ-സമാധാന നിഷേധങ്ങൾക്കും കാരണം.

*(ശേഷം 11-ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# സഭ, വിശ്വാസം, മതസൗഹാർദ്ദം

സഭയിൽ ജനത്തിന് വിശ്വാസ പാഠങ്ങൾ നൽകുകയും വിശ്വാസ ജീവിതത്തിന് മാതൃകയാവുകയും ചെയ്യുവാനുള്ള ചുമതല പൗരോഹിത്യസ്ഥാനികൾക്കുണ്ട് എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകാൻ വഴിയില്ല. എന്നാൽ സമീപകാലത്ത് ഇതിന് വിരുദ്ധമായ പ്രസ്താവനകളും നടപടികളും ഉണ്ടാകുന്നത് പ്രധാന പൗരോഹിത്യം കയ്യാളുന്ന വ്യക്തികളിൽ നിന്നു തന്നെയാണ് എന്നുള്ളതു ഏറെ ദു:ഖവും ഉത്കണ്ഠയും ജനിപ്പിക്കുന്നു. കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ആശയ വ്യക്തതയും ആർജ്ജവവും ഇല്ലാതെ തരംപോലെ പ്രസ്താവനകൾ നടത്തുകയും പിന്നീടവ വളച്ചൊടിച്ച് വിശദീകരണം നൽകി രംഗം വഷളാക്കുകയും ചെയ്യുന്നവർ വിശ്വാസസമൂഹത്തിൽ ആശയക്കുഴപ്പവും അതൃപ്തിയും സൃഷ്ടിക്കുക സ്വാഭാവികമാണ്. അപക്വവും വിശ്വാസ വിരുദ്ധവുമായ പ്രസ്താവനകൾ നടത്തുന്ന ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലുള്ളവർ അവ സഭയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യുന്നില്ല എന്നുള്ളതാണ് വിചിത്രം. സഭയുടെ മൗലീകമായ ഉപദേശങ്ങൾക്കും കാഴ്ചപ്പാടുകൾക്കും നിരക്കാത്തത് പറഞ്ഞ് അപഹാസ്യരാകുമ്പോൾ സഭ തന്നെയാണ് നിന്ദിക്കപ്പെടുന്നത് എന്നും തിരിച്ചറിയേണ്ടതുണ്ട്. പൊതുസമൂഹത്തിൽ സഭയുടെ നിലവാരത്തിന്റെയും വിശ്വാസസമൂഹത്തിൽ പട്ടത്വത്തിന്റെ വിലയുടെയും മാപിനിയായി പരിണമിച്ചിരിക്കുന്നത് നേതൃത്വത്തിലുള്ളവരുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളുമാണ്. പൊതുസമൂഹത്തിൽ മലങ്കരസഭയുടെ പ്രതിച്ഛായ ഇത്രമാത്രം മോശമായ കാലം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ആ ഘട്ടത്തിലാണ് ഇത്തരം വായ്ത്താരികളും അതിന് താങ്ങാകുന്ന നിലപാടുകളും! നിരന്തരമായ ഇത്തരം പ്രസ്താവനകളും പെരുമാറ്റ വൈകൃതങ്ങളും സഭാനേതൃത്വത്തിലുള്ള ആരെയും തന്നെ അലോസരപ്പെടുത്തുന്നതായി പുറത്ത് അറിയുന്നില്ല.

സഭ എന്താണെന്നും, എന്തിനാണെന്നും ഉള്ള അടിസ്ഥാന ധാരണ നേതൃത്വത്തിൽ തന്നെയുള്ള പലർക്കും ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടാണ് അവരിൽ നിന്ന് കൂടെക്കൂടെ വികടഭാഷണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് സ്വാഭാവികവുമാണ്. സഭയെ സഭയാക്കുന്നത് അതിന്റെ മൂല വിളിയോടുള്ള അതിന്റെ പ്രതിബദ്ധതയും ആ നിയോഗം യാഥാർത്ഥ്യമാക്കുന്നതിലുള്ള ശുഷ്കാന്തിയും ജാഗ്രതയും ആത്മാർത്ഥതയുമാണ്. ശ്രേണീ നിബദ്ധമായ അതിന്റെ അധികാര ഘടനയൊ, പരിഷ്കൃതമായ ഭരണസംവിധാനങ്ങളൊ, അനുബന്ധസ്ഥാപനങ്ങളുടെ ബാഹുല്യമൊ സഭയെന്ന പേരിന് അതിനെ അർഹമാക്കുന്നില്ല. സഭയുടെ അടിസ്ഥാന നിയോഗത്തോടും വിശ്വാസവിഷയങ്ങളോടുമുള്ള സത്യസന്ധമായ സമീപനം ദുർബ്ബലമാകുമ്പോൾ സഭ ആന്തരീകപ്രതിസന്ധി നേരിടുന്നു. അതിനിടയിലാണ് ഉത്തരവാദപ്പെട്ടവരിൽ നിന്നുള്ള ഇത്തരം ചാപല്യങ്ങൾ! ക്രിസ്തു സംഭവം വഴിയുള്ള സൃഷ്ടിയുടെ രക്ഷ ലോകാതിർത്തികളോളം അറിയിക്കുക എന്ന ക്രസ്തുവിന്റെ അന്ത്യ നിർദ്ദേശം നിർവ്വഹിക്കുകയാണ് സഭയുടെ സാക്ഷ്യം. ഈ ആഹ്വാനം സഭയുടെ ഗൗരവപൂർണ്ണമായ ദൗത്യമായി കണ്ടെത്താത്തവർ സഭാ ഘടനയുടെ ഉപരിതലങ്ങളിൽ വന്നെത്തിയാൽ സഭയുടെ പ്രസക്തിയും വിലയും പാലിക്കാനാവില്ല. സഭയുടെ തകർച്ചക്ക് തുടക്കമാവുകയും ചെയ്യും. സകലരേയും തനിക്ക് ശിഷ്യരാക്കുക എന്ന ക്രിസ്തു നിർദ്ദേശം വിസ്മരിച്ച്, ശിഷ്യപ്പെടുത്തേണ്ടവർ തന്നെ മറ്റുപലയിടങ്ങളിലും ഇടയത്ത-ഗുരുത്വങ്ങൾ തേടുന്ന കാഴ്ച പരിതാപകരമാണ്. ക്രിസതുവിനെ രക്ഷകനായി കണ്ടെത്തിയ വ്യക്തിക്ക് മറ്റൊരുരക്ഷകനെക്കുറിച്ചുള്ള അന്വേഷണത്തിനൊ, മറ്റൊരു ദേവസ്ഥാനത്തുള്ള വണക്കത്തിനൊ അനുവാദമില്ല. അതായത് ക്രിസ്തുവിലൂടെയുള്ള സൃഷ്ടിയുടെ വീണ്ടെടുപ്പിന്റെ സാക്ഷ്യം വഹിക്കേണ്ടവർക്ക് സഭയുടെ മൗലീക നിയോഗത്തിൽനിന്ന് ഒഴിഞ്ഞുമാറാനൊ, അതിനെ നേർമ്മപ്പെടുത്താനൊ സാധ്യമല്ല.

എന്നാൽ ക്രിസതുവിലൂടെയുള്ള രക്ഷയുടെ തുറവി സർവ്വ സൃഷ്ടിക്കുമാണ്. ഈ ദൈവീക പദ്ധതിയിൽ ആരും തിരസ്കൃതരല്ല. ഇതിന് ജാതി-മത-വർഗ്ഗ-വർണ്ണ-ദേശ-ലിംഗ ഘടകങ്ങൾ തടസ്സമാകുന്നില്ല. സകലരേയും സകലതിനേയും അത് ഉൾക്കൊണ്ട് വീണ്ടെടുക്കുന്നു. ഇതാണ് സഭയുടെ

കാതോലികഭാവം. ക്രിസ്തുവിൽ ദൈവം നൽകുന്ന രക്ഷ ലോകം മുഴുവൻ പ്രഘോഷിക്കുകയും, വിശ്വാസപ്രതികരണത്തിലൂടെ അത് ഏവർക്കും ലഭ്യമാവുകയും ചെയ്യും. ഈ രക്ഷാപ്രക്രിയയിൽ ചേരുന്നതിന് ആർക്കും വിലക്കില്ല. വിശ്വസിക്കുന്ന ഏവരേയും രക്ഷാനുഭവത്തിലേക്ക് നയിക്കുവാനാണ് സഭ ഭരമേറ്റിരിക്കുന്നത്. ഇതാണ് സഭയുടെ വിളി, സ്വരൂപം, സ്വത്വം, സ്വഭാവം എന്നിവ. സഭയുടെ ഭരണ-അനുഷ്ഠാന സംവിധാനങ്ങളെല്ലാം-അതിന്റെ ദൗത്യനിർവ്വഹണത്തിനുള്ള ഉപാധികൾ മാത്രമാണ്. വ്യക്തികളും ഘടനകളുമെല്ലാം സാക്ഷ്യനിർവ്വഹണത്തിനുള്ള മാധ്യമങ്ങളാണ്. ഇത് തിരിച്ചറിയാതെ അധികാരികളായി സ്വയം പ്രതിഷ്ഠിക്കുന്ന പൗരോഹിത്യ സ്ഥാനികളിൽ നിന്ന് സ്ഥാനത്തിന് നിരക്കാത്ത വീൺവാക്കുകളും പ്രവൃത്തികളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. സഭ അപമാനിതയാവുകയും ചെയ്യുന്നു. ചുരുക്കത്തിൽ സഭയുടെ മൂല വിളിയുടെ സ്വീകരണത്തിലും അതിന്റെ നിർവ്വഹണത്തിലുമാണ് സഭ അതിന്റെ സ്വഭാവവും തനിമയും പ്രകടമാക്കുന്നത്. സഭ ക്രിസ്തുസാക്ഷ്യത്തിന്റെയും രക്ഷയുടെയും മാധ്യമം എന്ന നിലയിൽ എത്തുമ്പോഴാണ് അത് ക്രിസ്തു നിയോഗിത സമൂഹമായി പരിണമിക്കുന്നത്; ക്രിസ്തുവിന്റെ ശരീരമാകുന്നത്.

സഭയുടെ ഈ വിശ്വാസമാണ് മാർതോമാ ശ്ലീഹ ഏറ്റുപറയുന്നത്: ''ക്രിസ്തു എന്റെ കർത്താവും എന്റെ ദൈവവും.'' ഇതു തന്നെ പൗലോസ് അപ്പോസ്തലൻ രക്ഷയ്ക്കുള്ള ഉപാധിയായി ആവശ്യപ്പെടുന്നു. ''ക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.'' (അപ്പോ. പ്രവൃ. 16:31) അതായത് ക്രിസ്തുവിനെ മാത്രം രക്ഷിതാവായി അംഗീകരിക്കുകയും അവൻ ദൈവമാണെന്ന് ഏറ്റുപറയുകയും ചെയ്യുന്നതാണ് ക്രിസ്തീയ വിശ്വാസം. അതിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്നവനാണ് ക്രിസ്തീയ വിശ്വാസി. മറ്റൊരു സ്വത്വത്തെ വണങ്ങുകയും മറ്റൊരു ദേവസ്ഥാനത്ത് വഴിപാടർപ്പിച്ച് ആരാധിക്കുകയും ചെയ്യുന്നവന് വിശ്വാസിയാകാനാവില്ല. ക്രസ്തീയ പൗരോഹിത്യത്തിൽ തുടരുവാനും അനുവാദമില്ല. ക്രിസ്തുവിൽ തന്റെ രക്ഷയും നിലനില്പും കണ്ടെത്തുന്ന വ്യക്തിക്ക് എങ്ങനെ മറ്റൊരു രക്ഷാരൂപം കണ്ടെത്താനാവും? ആവില്ല. കാരണം, വ്യക്തിയെ വിശ്വാസിയാക്കുന്നതും രക്ഷാനുഭവത്തിലേക്ക് നയിക്കുന്നതും ഉപാധികളില്ലാത്ത ക്രിസ്തു ശിഷ്യത്വമാണ്. അതുകൊണ്ട് മറ്റേതൊരു ദേവദർശനവും ആരാധനയും വഴിപാടർപ്പണവും ക്രിസ്തു ശിഷ്യത്വത്തിന് വിരുദ്ധ നടപടിയായി മാറുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ആധികാരികമായ ഉരകല്ല് ക്രിസ്തുവുമായുള്ള അസ്തിത്വബന്ധവും അത് വിശ്വാസിയിൽ വരുത്തുന്ന ധാർമ്മിക-ലോക ദർശന രൂപ പരിണാമങ്ങളുമാണ്. അതുകൊണ്ട് ക്രിസ്ത്വാനുഭവമുള്ള ഒരു വ്യക്തിക്ക് ഇതര ദേവന്മാരിലോ ദേവസ്ഥാനങ്ങളിലോ വിശ്വാസം അർപ്പിക്കുവാൻ സാധിക്കുന്നില്ല. വിശ്വാസവും ആരാധനയും അഭേദ്യമാണ്. വിശ്വാസമാണ് ദൈവവണക്കത്തിനും ആരാധനയ്ക്കും പ്രേരകമാകുന്നത്. അതുകൊണ്ട് വിശ്വാസികൾ ക്രിസ്തുവിൽ വെളിപ്പെട്ട ദൈവരൂപത്തിന് ഇതരമായി നടത്തുന്ന വണക്കവും ആരാധനയും ഗുരുതരമായ വീഴ്ചയും ദുർമാതൃകയുമായി മനസ്സിലാക്കണം. പിതൃ-പുത്ര-പരിശുദ്ധാത്മാവാം ദൈവം ദൈവിക പൂർണ്ണതയും രക്ഷാകേന്ദ്രവുമായി തിരിച്ചറിയുന്ന വിശ്വാസിയെ സംബന്ധിച്ച് മറ്റൊരു ആരാധനാ രക്ഷാ കേന്ദ്രമില്ല.

ഹൈന്ദവ സമൂഹം തങ്ങളുടെ ഈശ്വരസങ്കല്പവും രക്ഷാപദ്ധതിയും മറ്റുമതവിശ്വാസികൾ അവലംബിക്കണമെന്ന് ആവശ്യപ്പെടുന്നുമില്ല. അതുപോലെതന്നെ ഇവിടെയുള്ള ഇസ്ലാമികസമൂഹവും അവരുടെ വിശ്വാസം മറ്റുള്ളവർ സ്വീകരിക്കണമെന്ന് ശഠിക്കുന്നില്ല. ഓരോ സമൂഹത്തിനും അതതിന്റെ വിശ്വാസപ്രകാരം കഴിയുവാൻ ഉള്ള സ്വാതന്ത്ര്യം ഈ നാട്ടിലുണ്ട്. അതുകൊണ്ട് ഒരു ഹിന്ദു മതവിശ്വാസിയും ക്രൈസ്തവ പുരോഹിതൻ ഹൈന്ദവക്ഷേത്രത്തിൽ ആരാധന നടത്തണമെന്നും ദേവസ്ഥാനങ്ങളിൽ വഴിപാട് അർപ്പിക്കണമെന്നും ആവശ്യപ്പെടുന്നില്ല. ക്രിസ്ത്യാനികൾ, ഇതര വിശ്വാസികൾ തങ്ങളുടെ മതകർമ്മങ്ങളിൽ പങ്കെടുക്കണമെന്നും നിർബന്ധിക്കുന്നില്ല. ഓരോ മതത്തിലുമുള്ളവർ അവരവരുടെ വിശ്വാസവും ആരാധനയും ആചാരങ്ങളും അനുസരിച്ച് കഴിഞ്ഞുകൂടുന്നു. ഇതര മതസ്ഥർ തങ്ങളുടെ മത-വിശ്വാസ കാര്യങ്ങളിൽ ഇടപെടുകയൊ, തടസ്സമുണ്ടാക്കുകയൊ ചെയ്യരുതെന്ന് മാത്രമാണ് അവർ ആഗ്രഹിക്കുന്നത്. പിന്നെ എന്തിനാണ് സ്വന്തം വിശ്വാസവും വിശ്വാസസമൂഹവും അനുവദിക്കാത്ത കാര്യങ്ങൾ മറ്റു മതങ്ങളുടെ ഈശ്വര പ്രതിഷ്ഠകളുടെ സമക്ഷത്തിൽ സമർപ്പിച്ച് മാധ്യമങ്ങൾ വഴി പരസ്യത്തിന് ശ്രമിക്കുന്നത്? ഇത് വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുമെന്ന കാര്യവും ഇത്തരക്കാർ മനസ്സിലാക്കുക.

ഈ വിഷയവുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം കൂടി വിശദമാക്കേണ്ടതുണ്ട്. ഭാരതീയ മതങ്ങളും സെമിറ്റിക്ക് മതങ്ങളും

തമ്മിൽ അടിസ്ഥാനപരമായി ഒരു വ്യത്യാസമുണ്ട്. യഹൂദ-ക്രിസ്ത്യൻ-ഇസ്ലാം എന്നീ സെമിറ്റിക് വിഭാഗത്തിൽപെടുന്ന മതങ്ങൾ വിശ്വാസകാര്യങ്ങളിൽ കൃത്യമായ (strict) ചില പരിധികൾ കല്പിക്കുന്നവയാണ്. ആ പരിധികൾക്ക് പുറത്തുള്ള വിശ്വാസങ്ങൾ, ആരാധന എന്നിവ അവർക്ക് നിഷിദ്ധമാണ്. എന്നാൽ ഹിന്ദു ധർമ്മമുൾപ്പെടെയുള്ള ഭാരതീയ മതങ്ങൾ വിശ്വാസ-നിയമങ്ങളിൽ കുറേക്കൂടി ഉദാരസ്വഭാവമുള്ളവയാണ്. അതിൻ പ്രകാരം മറ്റ് മതങ്ങളുമായുള്ള ക്രിയാത്മക സമ്പർക്കത്തിലൂടെ ഇതര വിശ്വാസങ്ങൾ, മതാനുഷ്ഠാനങ്ങൾ എന്നിവയെ ഉൾക്കൊള്ളുന്നത് അവർ തടയുന്നില്ല. അതായത് ഹൈന്ദവർക്ക് ഇതരമതവിശ്വാസികളുടെ വിശ്വാസാനുഷ്ഠാനങ്ങളിൽ പങ്കുചേരുവാൻ സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം പല കാരണങ്ങളാൽ ഭാരതീയ മതങ്ങളുടെ സവിശേഷതയാണ്. എന്നാൽ യഹൂദ-ക്രിസ്ത്യൻ-ഇസ്ലാമിക പാരമ്പര്യം ഇത് നിഷേധിക്കുന്നു. ഇതിൽപെട്ട മതങ്ങൾക്ക് അവയുടെ വിശ്വാസ-ഉപദേശങ്ങൾ നൽകിയിരിക്കുന്ന പരിധികൾക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ വിശ്വാസ പ്രതികരണങ്ങൾ നടത്തുവാനും അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനും പൊതുപ്രസ്താവനകൾ ചെയ്യുവാനുമൊക്കെയുള്ള സ്വാതന്ത്ര്യമുള്ളൂ. അതുകൊണ്ട് ഇതൊക്കെ ചെയ്തിട്ട് ന്യായീകരണം കൊണ്ടുവരുന്നതു സ്വീകാര്യമല്ല. ഭാരതീയമതങ്ങൾ വ്യക്തികൾക്ക് അനുവദിക്കുന്ന-അവർ സ്വയം അനുഭവിക്കുന്ന-വിശ്വാസ അനുഷ്ഠാന സ്വാതന്ത്ര്യങ്ങൾ ക്രൈസ്തവസഭയിൽ ഇല്ല. ഈ പരിമിതികൾ അവഗണിച്ചോ ലംഘിച്ചോ പ്രസ്താവനകൾ നടത്തുകയും അനുഷ്ഠാനങ്ങളിൽ പങ്കുചേരുകയുമൊക്കെ ചെയ്യുന്നത് വിശാലമനസ്കത കൊണ്ടോ മതസൗഹാർദ്ദതൃഷ്ണ നിമിത്തമൊ ആണ് എന്ന് കരുതാനും ന്യായമില്ല. കാരണം, ഈ സൗഹാർദ്ദവും മഹാമനസ്കതയും ദീർഘകാല സത്യവിശ്വാസ പാരമ്പര്യമുള്ള കത്തോലിക്കാസഭ തുടങ്ങിയ വിശ്വാസ സമൂഹങ്ങളോടുള്ള ബന്ധങ്ങളിൽ പോലും ഇവർ കാണിക്കുന്നില്ല. ആധിപത്യത്തിനും ഇടപെടലിനും ശ്രമിക്കാതെ, മറ്റു മത-മതേതരപ്രസ്ഥാനങ്ങളെ അവയുടെ സ്വാതന്ത്ര്യത്തിന് വിടുകയാണ് ഈ ബഹുമതസമൂഹത്തിൽ കരണീയം. മറ്റു സഭകളെയും മതങ്ങളെയും ശത്രുസമൂഹങ്ങളായി കാണാനും അനുവാദമില്ല. ആധിപത്യ ഇടപെടലുകൾ കൂടാതെ, മത-മതേതരപ്രസ്ഥാനങ്ങൾ സഹകരിച്ചു പോകുന്ന ജീവിത ശൈലിയാണ് ഇൻഡ്യയിലേതുപോലുള്ള ബഹുമത-മതേതര സമൂഹങ്ങൾക്കുള്ളിൽ അഭിലഷണീയം.

എന്നാൽ ക്രിയാത്മകമായ മത സഹകരണം ഈ സാഹചര്യത്തിലും അന്വേഷിക്കേണ്ടതാണ്. പൊതുസമൂഹത്തിൽ വർദ്ധിച്ചുവരുന്ന അക്രമം, അനീതി, ദുർബ്ബലരോടുള്ള അവഗണന, ലിംഗവിവേചനം, തീവ്രമതദേശീയത മുതലായവയിലും പാരിസ്ഥിതികപ്രശ്നങ്ങൾ, മദ്യാസക്തി, തൊഴിലില്ലായ്മ എന്നീ വിഷയങ്ങളിലും മത-മതേതര പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സമൂഹത്തിൽ നീതിയും, സംഭ്രാതൃത്വവും, മനുഷ്യത്വവും വളർത്തിയെടുക്കുന്നതിന് നിരവധി സാധ്യതകളുണ്ട്. അതുപൊലെ തന്നെ എല്ലാ പ്രസ്ഥാനങ്ങളിലും രൂപപ്പെടുന്ന പുരോഗമന സ്വഭാവമുള്ള മുന്നേറ്റങ്ങൾക്ക് പിന്തുണനൽകിയും നാട്ടിലെ ദുരിതാശ്വാസ-ക്ഷേമപ്രവർത്തനങ്ങളിൽ പങ്കുകൊണ്ടും പുരേഗമനാശയങ്ങളുടെ വ്യാപനത്തിൽ ചേർന്നു പ്രവർത്തിച്ചുമെല്ലാം സഭാനേതൃത്വത്തിന് മത സൗഹാർദ്ദം പുലർത്താനാവും.

അതുപോലെ തന്നെ മതങ്ങളെക്കുറിച്ച് പരസ്പരം അറിയുവാനും അറിയിക്കുവാനും പദ്ധതികളും പരിപാടികളും സംഘടിപ്പിക്കപ്പെടണം. അതും മത-സമൂഹങ്ങളുടെ അന്യോന്യ അടുപ്പത്തിനും സഹകരണത്തിനും വഴിതെളിക്കും. ആത്യന്തിക സത്യം തേടുകയാണ് എല്ലാമതങ്ങളും ചെയ്യുന്നത്. ആ അന്വേഷണത്തിൽ സഹകരിക്കാൻ സഭയും തയ്യാറാകണം. കണ്ടെത്തിയ സത്യങ്ങളെ നിലനിർത്തി പൂർണ്ണത തേടുകയാണ് വേണ്ടത്. കൂടുതൽ നന്മ ലക്ഷ്യം വച്ചുകൊണ്ട് അനന്തമായ സത്യാന്വേഷണം ഏതു മതത്തിന്റെയും ധർമ്മമാണ്. പോപ്പ് ജോൺ പോൾ രണ്ടാമൻ തന്റെ Threshold of Hope എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. പാദുവായിൽ ഗാന്ധിയൻ മാതൃകയിൽ മാർപാപ്പ വിളിച്ചു ചേർക്കുന്ന രീതി അവലംബിച്ച് സമൂഹപ്രാർത്ഥനയും ആത്മീയ അനുഭവങ്ങളുടെ പങ്കുവയ്ക്കലുമെല്ലാം പ്രോത്സാഹിപ്പിക്കപ്പെടേണ്ട വിഷയങ്ങളാണ്. വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും അതിർത്തികളും നിലനിർത്തിക്കൊണ്ടുതന്നെ സഹകരണ-അന്വേഷണമേഖലകൾ കണ്ടെത്തുകയാണാവശ്യം.

ഈ വിഷയത്തിന് വിശ്വാസ-മതപര തലം മാത്രമല്ല ഉള്ളത്. മറ്റുതലങ്ങളും ചർച്ചചെയ്യപ്പെടേണ്ടതായുണ്ട്. *(തുടരും)*

സസ്നേഹം,

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

സുബോധനം

# വി. യാക്കോബ് ശ്ലീഹ

ഫാ. ഫ്രാൻസിസ് ഗോൺസാൽവസ്

ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോട് ആരാഞ്ഞു, 'എനിക്ക് അങ്ങയെപ്പോലെ ഒരു വലിയ മനുഷ്യനായിത്തീരാൻ എങ്ങനെ സാധിക്കും?' ഗുരുവിന്റെ പുഞ്ചിരിയോടുകൂടിയ മറു ചോദ്യം. "എന്തിന് വലിയ മനുഷ്യനാകണം? മനുഷ്യനായിരിക്കുന്നതു തന്നെ ഒരു വലിയ നേട്ടമാണ്". ലോകമെങ്ങുമുള്ള ക്രസ്ത്യാനികൾ യാക്കോബ് ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്ന ദിനങ്ങളാണിവ. അദ്ദേഹത്തെക്കുറിച്ച് പഠിക്കാൻ നല്ല അവസരം. ക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽ ഒരുവനായിരുന്നു വി. യാക്കോബ്. ക്രിസ്തീയ സാഹിത്യത്തിൽ "മഹത്വമേറിയ യാക്കോബ്" (James the Greater) എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്. കാരണം, യാക്കോബ് എന്ന പേരിൽ ഇത്രതന്നെ പ്രശസ്തനല്ലാത്ത മറ്റൊരാൾ കൂടി ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഉണ്ടായിരുന്നു. അല്ഫായിയുടെ പുത്രനായ യാക്കോബ്.

ഗുരുക്കന്മാർ ശിഷ്യരെ കണ്ടെത്തുമ്പോൾ വിദ്യാസമ്പന്നരും സത്പേരുള്ളവരും യോഗ്യതയേറിയവരുമായവരെയാണ് സാധാരണ തെരെഞ്ഞെടുക്കാറുള്ളത്. എന്നാൽ ക്രിസ്തുവാകട്ടെ അതിൽ നിന്ന് തികച്ചും വ്യത്യസ്തവും ഞെട്ടിപ്പിക്കുന്നതുമായ മാനദണ്ഡമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ അധികവും പഠിപ്പില്ലാത്ത മീൻപിടുത്തക്കാരായിരുന്നു. ഒരാൾ ചുങ്കം പിരിക്കുന്നവൻ. മറ്റൊരാൾ ഉഗ്രവാദിയായ റോമ്മാധിപത്യ വിരുദ്ധൻ. വേറൊരു കാര്യം. ക്രിസ്തു ജോടികളായിട്ടാണ് അധികം ശിഷ്യരെയും വിളിച്ചു ചേർത്തത്. രണ്ടു ജോഡികൾ സഹോദരങ്ങളുമായിരുന്നു. പത്രോസും അന്ത്രയോസും, യാക്കോബും യോഹന്നാനും, ഇവരിൽ ആദ്യജോടി ശെമവൂന്റെ പുത്രന്മാരും രണ്ടാമത്തെ ജോടി സെബദീപുത്രന്മാരുമായിരുന്നു. സെബദീ പുത്രനായിരുന്നു നമ്മുടെ കഥാപുരുഷൻ - James the Greater

യാക്കോബും യോഹന്നാനും 'ഇടിമക്കൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. കാരണം അവർ ക്ഷിപ്രകോപികൾ, (hot tempered) ആയിരുന്നുപോലും! ഒരിക്കൽ തങ്ങളുടെ ഗുരുയേശുവിനേയും തങ്ങളെയും സ്വീകരിക്കാൻ തയ്യാറാകാത്ത ഒരു പട്ടണത്തിലെ ജനത്തെയെല്ലാം ആകാശത്തുനിന്ന് തീയിറക്കി ദഹിപ്പിച്ചുകളയാൻ പിതാവാം ദൈവത്തോട് അപേക്ഷിക്കരുതോ എന്നവർ നിർദ്ദേശിക്കുന്നതായി വേദപുസ്തകത്തിൽ പരാമർശമുണ്ട്. സ്ഥാനമോഹത്തിലും അവർ പിന്നിലായിരുന്നില്ല. മറ്റൊരിക്കൽ അവർ ക്രിസ്തുവിന്റെ മഹത്വദിനത്തിൽ, അവരിൽ ഒരുവനെ തന്റെ വലത്തും മറ്റവനെ ഇടത്തുമായി ഇരുത്തണമേ എന്ന് അപേക്ഷിക്കുകയുണ്ടായി.

നമ്മിലൊരുവനേപോലെ തന്നെ വി. യാക്കോബും ചെറുപ്പകാലത്ത് ഒരു തനി മനുഷ്യനായിരുന്നു. ശുണ്ഠിക്കാരനും, ആഗ്രഹിയും, കണക്കുകൂട്ടിയുമായിരുന്നു. തനിക്കും തന്റെ സഹോദരനും വേണ്ടി അധികാര-ഔദാര്യങ്ങൾ ചോദിച്ചുവാങ്ങുവാൻ ഒരുളുപ്പും അയാൾക്കുണ്ടായിരുന്നില്ല. യാക്കോബിന്റെയും യോഹന്നാന്റെയും രണ്ടാമതു പറഞ്ഞ അഭ്യർത്ഥനയോടുള്ള ക്രിസ്തുവിന്റെ പ്രതികരണം പ്രധാനമാണ്; 'ഈ ലോകത്തിലെ ഭരണാധികാരികൾ മറ്റുള്ളവരുടെ മേൽ അധികാരം പ്രയോഗിക്കുന്നു. അവരിൽ പ്രധാനികൾ ഏകാധിപതികളും ആയിത്തീരുന്നു. എന്നാൽ നിങ്ങൾക്കിടയിൽ ആ ചിന്തയുണ്ടാകരുത്. നിങ്ങളിൽ മഹാനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ സേവകനാകണം. നിങ്ങളിൽ ഒന്നാമനാകാൻ ഉദ്ദേശിക്കുന്നവൻ എല്ലാവരുടെയും അടിമയാകുവാൻ തയ്യാറാവുകയും വേണം.'

ഈ വസ്തുത വിശദീകരിച്ചുകൊണ്ട് യേശു തുടരുന്നു, "ഞാൻ വന്നിരിക്കുന്നത് സേവിക്കപ്പെടുവാനല്ല. മറിച്ച്, എല്ലാവരെയും സേവിക്കുവാനും എല്ലാവർക്കും വേണ്ടി എന്റെ പ്രാണനെ നൽകുവാനുമാണ്." നിഷ്ഠൂരമായ പീഡനങ്ങളും കുരിശുമരണവും ഏറ്റുവാങ്ങി, അടക്കപ്പെട്ട്, മൂന്നാം ദിവസമുണ്ടായ ക്രിസ്തുവിന്റെ തേജോമയമായ പുനരുദ്ധാനത്തിന് ശേഷമാണ് യാക്കോബും യോഹന്നാനും മറ്റു കർത്തൃ ശിഷ്യന്മാരെപ്പോലെ തന്നെ, 'നൽകലിലൂടെയാണ് നേടാൻ കഴിയുന്നതെന്നും' സ്വാർത്ഥതയുടെ മരണത്തിലൂടെയാണ് കൂടുതൽ സന്തോഷമായി ജീവിക്കുവാൻ കഴിയുന്നതെന്നും ക്രിസ്തു പഠിപ്പിച്ച പാഠത്തിന്റെ പൊരുൾ മനസ്സിലാക്കിയത്.

യാക്കോബ് തുടക്കത്തിൽ വലിയവനും, ശക്തനും, ഗുണ

**ലേഖനം**

# സഭയും ചുമതലകളും

**എം. സൈമൺ**

സഭയെന്നാൽ എന്താണ്? അത് സഭയ്ക്ക് പുറത്ത് ഉള്ളവർക്ക് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സംഘടനയാണ്. എന്നാൽ ക്രിസ്ത്യാനിക്ക് അത് വെറും ആൾക്കൂട്ടമൊ സംഘം ചേരലോ അല്ല. സഭയെന്നുള്ളത് ഒരു സ്വർഗ്ഗീയ ഭവനമായും ക്രിസ്തുവിനാൽ ഭരിക്കപ്പെടുന്ന ജനതയായും ആടുകളുടെ കൂട്ടമായും വിശ്വാസികളായ കല്ലുകൾകൊണ്ട് പണിയപ്പെട്ട മഹാസൗധമായും ക്രിസ്തു തലയായ ശരീരമായും പുതിയനിയമത്തിൽ പരാമർശിക്കുന്നു. ക്രിസ്തു നമുക്ക് അദൃശ്യനാണെങ്കിലും അവിടത്തെ സാന്നിദ്ധ്യം സഭയിലൂടെ എക്കാലവും പ്രതിഫലിപ്പിക്കുന്നു. വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയിലായിരിക്കുന്ന പുതിയ യിസ്രായേലായി സഭയെ വിശേഷിപ്പിക്കുന്നു. ക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും അവനിൽ വസിക്കാനും സഭാമക്കളെ ഒരുക്കുക എന്നതാണ് സഭയുടെ പ്രധാന ദൗത്യം. വ്യക്തികളെ പാപത്തിൽ നിന്നും സാത്താന്റെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കി പ്രലോഭനങ്ങളെയും പ്രതിബന്ധങ്ങളെയും തരണം ചെയ്ത് രക്ഷയും നിത്യജീവനും അവകാശമാക്കി കൊടുക്കുകയെന്ന ശ്രമകരമായ ചുമതലയും സഭയ്ക്കുണ്ട്. ഏദനിൽ വെച്ച് നഷ്ടമാക്കിയ ദൈവിക തേജസ്സ് വീണ്ടെടുത്ത് പഴയ അവസ്ഥയിലേക്ക് മനുഷ്യനെ മാറ്റുന്ന പ്രക്രിയയാണത്. അതിന് പഴയവ ഉപേക്ഷിച്ച് പുതിയ സൃഷ്ടി ആകേണ്ടതുണ്ട്.

എഫേ 4:22 ൽ പറയുന്നു, “നിങ്ങളുടെ പഴയ ജീവിത രീതിയിൽ നിന്ന് രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ. യഥാർത്ഥ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ.” ക്രിസ്തു വിശ്വാസിയിലും വിശ്വാസി ക്രിസ്തുവിലും വസിക്കുമ്പോഴാണ് പുതിയ സൃഷ്ടി രൂപപ്പെടുന്നത്. സഭയിലെ എല്ലാവരും ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തു അവരിൽ വസിക്കുകയും ചെയ്യുമ്പോഴാണ് അവർ ഒന്നായി തീരുന്നത്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ ശരീരമാണ് സഭയെന്നും അതിലെ അംഗങ്ങൾ ആ ശരീരത്തിലെ അവയവങ്ങളാണെന്നും പറയുന്നത്. ക്രിസ്തു ശരീരത്തിലെ വിവിധ അവയവങ്ങൾ ആയ സഭാംഗങ്ങൾ പരസ്പര സ്നേഹത്തോടെയും ഏകതാബോധത്തോടെയും ഐക്യത്തിലും ജീവിക്കേണ്ടതാണ്. യോഹന്നാന്റെ ലേഖനം 4:7ൽ പറയുന്നു. “നമുക്ക് പരസ്പരം സ്നേഹിക്കാം. സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്നവൻ ദൈവത്തിൽ നിന്ന് ജനിച്ചവനും ദൈവത്തെ അറിയുന്നവനും ആണ്. കാരണം ദൈവം സ്നേഹമാകുന്നു. നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും”. ഇങ്ങനെ കലർപ്പില്ലാത്ത, കളങ്കമില്ലാത്ത പരസ്പര സ്നേഹത്തിൽ സഭാമക്കൾ കഴിയുമ്പോൾ കാണപ്പെടാത്ത ദൈവത്തിന്റെ കാണപ്പെടുന്ന പ്രതിരൂപമായി സഭ സർവ്വ സൃഷ്ടികൾക്കും അനുഭവവേദ്യമാകും. അങ്ങനെ സൃഷ്ടാവിനും സൃഷ്ടിസമൂഹത്തിനും ഇടയിൽ മധ്യസ്ഥനായിരിക്കുക എന്നത് സഭയുടെ ചുമതലയാണ്. എന്നാൽ മിഷനറി പ്രവർത്തനത്തിലൂടെ സഭയിൽ ആളെ ചേർക്കുക എന്നതാണ് അതിന്റെ ലക്ഷ്യം എന്ന് എല്ലാ സഭകളും തെറ്റായി ധരിച്ചുവച്ചിരിക്കുന്നു. ‘നിങ്ങൾ ലോക

---

ഭോക്താവുമൊക്കെ ആയിത്തീരുവാൻ ആഗ്രഹിച്ചിരുന്നെങ്കിലും ഒടുവിൽ തന്റെ മനസ്സ് പരിവർത്തനപ്പെട്ട് ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിനായി എല്ലാം ത്യജിക്കുവാൻ തയ്യാറായി. ഇന്നത്തെ സ്പെയിനിൽ ആയിരുന്നു അദ്ദേഹത്തിന്റെ സുവിശേഷ വേലയുടെ അധികഭാഗവും. അവസാനം യരുശലേമിൽ വച്ച് A.D.44 ൽ ഹേറോദാ അഗ്രീപ്പയുടെ അനുചരന്മാർ അദ്ദേഹത്തെ ശിരച്ഛേദനം ചെയ്തു.

യാക്കോബ് ശ്ലീഹായുടെ തിരുശേഷിപ്പുകൾ ഉത്തരസ്പെയിനിലെ സാന്റിയാഗോ ഡി കമ്പോസ്റ്റെല കത്തിഡ്രലിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ആ ദേവാലയം ഇന്ന് വലിയൊരു തീർത്ഥാടന കേന്ദ്രമായി പരിണമിച്ചിരിക്കുന്നു. വലിയവനായിത്തീരാൻ ആരും സ്വാർത്ഥ നേട്ടങ്ങൾക്കായി പണിപ്പെടേണ്ടതില്ല. കൊച്ചു കൊച്ചു സ്നേഹപ്രവർത്തനങ്ങളിലൂടെ ആർക്കും വലിയവനായിത്തീരാനാവും. എളിമയും ചെറുമയുമാണ് യഥാർത്ഥ മഹത്വഹേതുവെന്ന ക്രിസ്തു പാഠം സ്വീകരിച്ച് മഹാ വിശുദ്ധനായിത്തീർന്ന തനിമനുഷ്യനാണ് ജയിംസ് ദ ഗ്രേറ്റർ.

□

മെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ.16:15). എന്ന കർത്താവിന്റെ ഉപദേശമാണിതിന് ആധാരം. എന്നാൽ നിന്നേപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം. ശത്രുവിനെ സ്നേഹിക്കണം കടക്കാരോട് ക്ഷമിക്കണം. വിശക്കുന്നവന് ഭക്ഷണം കൊടുക്കണം നഗ്നനെ ഉടുപ്പിക്കണം മുതലായ രക്ഷയ്ക്കാവശ്യമായ വചനങ്ങൾ സഭ ഇവിടെ വേണ്ടവിധം പരിഗണിക്കുന്നില്ല. പുണ്യപിതാക്കന്മാർ എഴുതിവെച്ച പ്രാർത്ഥനകളും ആരാധനക്രമങ്ങളും യാന്ത്രികമായി ഉരുവിടുകയും നിർവികാരമായി അനുഷ്ഠിക്കുകയുമാണിന്ന് ചെയ്തുവരുന്നത്. "നിന്റെ ശരീര രക്തങ്ങൾ അനുഭവിക്കുന്നത് വഴി എന്റെ ദുർമോഹങ്ങൾ ക്ഷയിച്ച് പോവുകയും എന്റെ ദുർവികാരങ്ങൾ ശമിക്കുകയും ചെയ്യുമാരകണമേ" എന്ന് കർത്താവിനെ ചുമതലപ്പെടുത്തിയിട്ടാണ് എല്ലാവരും കുർബാന അനുഭവിക്കുന്നത്. വീണ്ടും ആ പാപങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നു എങ്കിൽ ചുമതലക്കാരനായ കർത്താവല്ലെ കുറ്റക്കാരൻ! "ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളാക്കി വ്യർത്ഥമായി എന്നെ ആരാധിക്കുന്നു." (മത്താ 15:8) എന്ന ക്രിസ്തുവിന്റെ വ്യസനം ക്രിസ്തീയ സഭ കണ്ടില്ലെന്ന് നടിക്കുന്നു. പിതാവും ഞാനും ഒന്നായിരിക്കുന്നത് പോലെ നിങ്ങളും ഒന്നായിരിക്കണമെന്ന കർത്താവിന്റെ കല്പന ഉൾക്കൊള്ളുന്നതിൽ പരാജയപ്പെട്ട് സഭയെ നയിക്കുമ്പോൾ സഭാനേതാക്കളുടെ ലക്ഷ്യബോധമില്ലായ്മയാണ് പ്രകടമാകുന്നത്. ഏകമായിരിക്കേണ്ട സഭ നാൾതോറും പൊട്ടിപ്പിളർന്ന് എണ്ണമറ്റ സംഘങ്ങളായി മാറികൊണ്ടിരിക്കുന്നു. അറിയപ്പെടുന്ന വേദപണ്ഡിതനായ പൗലോസ് മാർ ഗ്രിഗോറിയോസ് പറയുന്നത് ഇങ്ങനെയാണ്. "Without a vision that keeps us united for our mission the church has broken into so many pieces. Where there is no love and the Spirit of God, God is not at work, the church may work all day and night and yet it may catch nothing". ദൈവത്തോട് ചേർന്ന് നിൽക്കുന്നവർക്ക് കിട്ടുന്ന മൂന്ന് ആനുകൂല്യങ്ങളുണ്ട്. ബലം പ്രയോഗിക്കാതെ കിട്ടുന്ന ശക്തി, വീഞ്ഞ് കുടിക്കാതെ കിട്ടുന്ന ലഹരി, മരണമില്ലാത്ത ജീവിതം. മനസ്സാണ് സംസാരിക്കുന്നതും ചോദ്യങ്ങൾ ചോദിക്കുന്നതും അർത്ഥങ്ങൾ അന്വേഷിക്കുന്നതും. ഹൃദയം സംസാരിക്കുന്നില്ല, ചോദ്യങ്ങൾ ചോദിക്കുന്നില്ല, അർത്ഥങ്ങൾ അന്വേഷിക്കുന്നില്ല. പക്ഷെ അത് നിശ്ശബ്ദം ദൈവത്തിങ്കലേക്ക് ഉയരുകയും അവിടെ വിലയം കൊള്ളുകയും ചെയ്യുന്നു. മനസ്സ് ചെകുത്താന്റെ വക്കീലാണ്. ഹൃദയം ദൈവത്തിന്റെ സേവകനും. മനസ്സ് ചോദ്യങ്ങൾ കൊണ്ട് ബുദ്ധിമുട്ടിക്കുമ്പോൾ ഹൃദയം അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്നാണ് പറയുന്നത്.

ജ്ഞാനം, കർമ്മം, ഭക്തി എന്നീ മാർഗ്ഗങ്ങൾ മോക്ഷലബ്ധിക്ക് സഹായകമാണ്. എന്നാൽ ഇതിന്റെ വഴികളിൽ അഹംബോധം ആണ് മുന്നിൽ നടക്കുന്നത് എങ്കിൽ ലക്ഷ്യത്തിൽ എത്തില്ല. കാരണം, അത് നയിക്കുന്നത് എതിർ ദിശയിലേക്കാണ്. അതുകൊണ്ട് വിദ്യാവിഹീനയായ ഒരു പടുകിഴവിക്ക് പണ്ഡിതനായ ദൈവ ശാസ്ത്രജ്ഞനെക്കാൾ ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നത്.

വ്യത്യസ്ത ആചാരങ്ങളും ആരാധന ക്രമങ്ങളും അനുഷ്ഠിച്ചു പോരുന്ന പല പല ആരാധനാരീതികൾ ഉൾക്കൊള്ളുന്നതാണ് കത്തോലിക്ക സഭ. അവയിൽ ചിലതിൽ എങ്കിലും തർക്കങ്ങളും പ്രശ്നങ്ങളും ഉടലെടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ സഭയുടെ കെട്ടുറപ്പിനെ ബാധിക്കാത്ത വിധത്തിൽ നിരപ്പിലും സമാധാനത്തിലും പരിഹരിക്കാൻ ആ സഭാ നേതൃത്വം കാണിക്കുന്ന ക്രിസ്തീയ മാർഗ്ഗം ഒരേ വിശ്വാസവും ആരാധനയും ആചാരങ്ങളും അനുവർത്തിച്ചു പോരുന്ന യാക്കോബായ- ഓർത്തഡോക്സ് വിഭാഗങ്ങൾ കണ്ട് മനസ്സിലാക്കേണ്ടതാണ്. സ്ഥാപന ഉദ്ദേശ്യം കുത്തിക്കുറിച്ച താളിയോല കണ്ടെത്തും വരെ ഒരു യോജിപ്പിനും നിന്നുതരില്ല എന്ന ശ്രേഷ്ഠ ബാവയുടെ നിലപാടും തലസ്ഥാനത്തെ നീതിന്യായ കോടതി എല്ലാം ശരിയാക്കിത്തന്നാൽ മതിയെന്ന പരിശുദ്ധ ബാവായുടെ നിസംഗതയും സഭയിൽ ശാന്തിയും സമാധാനവും സ്വപ്നം കാണുന്ന വിശ്വാസികൾക്ക് ഒട്ടും ആശ്വാസപ്രദമല്ല. സഭയെപ്പറ്റിയുള്ള ദൈവതാല്പര്യമാണ് നേതാക്കന്മാർ അന്വേഷിക്കേണ്ടത്.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. |

**വേദവിചാരം**

# വഴി തെറ്റിക്കരുത്: ഇടർച്ച ഉണ്ടാക്കുകയും അരുത്

ഡോ. തോമസ് മാർ അത്താനാസ്യോസ്

"എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനർക്ക് യാതൊരു വിധത്തിലും ഇടർച്ചക്കു കാരണമാകാതിരിക്കുവാൻ ശ്രദ്ധിച്ചുകൊൾവിൻ. അറിവുള്ളവനായ നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നതു ഒരുവൻ കണ്ടാൽ അവൻ ബലഹീനനാണെങ്കിൽ അവന്റെ മനസ്സാക്ഷി വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ തക്കവണ്ണം ഉറയ്ക്കുകയില്ലയൊ?

ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ, ആ ബലഹീന സഹോദരൻ നിന്റെ അറിവിനാൽ നശിച്ചു പോകുന്നു.

ഇങ്ങനെ സഹോദരന്മാർക്കെതിരെ പാപംചെയ്ത് അവരുടെ ബലഹീന മന:സാക്ഷിയെ മുറിവേല്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോട് പാപം ചെയ്യുന്നു." (1 കോറി 8: 9–12)

അപ്പോസ്തലനായ പൗലോസ് ഈ ഭാഗം കുറിക്കുന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. കൊറിന്ത്യസഭയിലെ പ്രബുദ്ധരായ ചില ക്രിസ്തീയ വിശ്വാസികൾ വിഗ്രഹങ്ങൾക്ക് നിവേദിക്കപ്പെട്ട മാംസം വാങ്ങി ഭക്ഷിക്കുന്ന പതിവുണ്ടായിരുന്നു. ഇത് അനുവദനീയമാണോ എന്നതാണ് ഇവിടത്തെ വിഷയം.

ഇവിടെ ഈ മാംസം കഴിച്ചിരുന്നത് പ്രബുദ്ധരായ വിജാതീയ ക്രിസ്ത്യാനികൾ ആയിരുന്നിരിക്കണം. അവരെ സംബന്ധിച്ച് ക്രിസ്തുവിൽ സർവ്വ അടിമത്തങ്ങളിൽ നിന്നും സ്വതന്ത്രരായ തങ്ങൾക്ക് ഏതൊരുതരം ഭക്ഷണപാനീയവും വർജ്ജിക്കേണ്ടതില്ല എന്ന ചിന്തയാണുണ്ടായിരുന്നത്. കാരണം, അവർ ഭക്ഷണപാനീയങ്ങളിൽ നിന്നുള്ള വിലക്കിൽ നിന്നുൾപ്പെടെ സ്വതന്ത്രരായിരുന്നു. മാത്രമല്ല, വിഗ്രഹങ്ങൾ നിർജ്ജീവങ്ങളും ശക്തിയില്ലാത്തവയും ആയതിനാൽ അവയ്ക്ക് സമർപ്പിക്കപ്പെട്ട മാംസത്തിന് പ്രത്യേകാൽ ഗുണദോഷങ്ങളൊന്നും സംഭവിക്കുന്നില്ലായെന്ന് അവർ വിലയിരുത്തി. അതുകൊണ്ട് ആ മാംസം ഭക്ഷിക്കുന്നത് നിർദ്ദോഷമായിരുന്നെന്ന് അവർക്ക് ഉറപ്പായിരുന്നു. കൂടാതെ ക്ഷേത്രങ്ങൾ സന്ദർശിച്ചാൽത്തന്നെ അവരിലാരും വിഗ്രഹങ്ങളെ വന്ദിക്കാനോ, അന്യദൈവങ്ങളെ പൂജിക്കാനോ പോകുന്നുമില്ല. അതുകൊണ്ട് വിഗ്രഹാർപ്പിതമായ മാംസം ഭക്ഷിക്കുന്നത് അവർക്ക് ഒരു ദോഷവും സൃഷ്ടിക്കുകയില്ലെന്നതിൽ അവർക്ക് സന്ദേഹമുണ്ടായിരുന്നില്ല. ക്രിസ്തീയ വിശ്വാസം അനുവദിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ആസ്വാദനം മാത്രമായിരുന്നു ആ മാംസഭക്ഷണം.

അവരുടെ നിലപാട് യുക്തിഭദ്രമാണ്. അചേതനമായ വിഗ്രഹങ്ങൾക്ക് ഒരു മാറ്റവും ഒന്നിലും വരുത്താൻ സാധ്യമല്ല. അവയ്ക്ക് അർപ്പിക്കപ്പെട്ട മാംസത്തിലും. അതുകൊണ്ട് അതു ഭക്ഷിക്കുന്നതുകൊണ്ട് വിശ്വാസികളിൽ ആരും പ്രകോപിതരാകേണ്ട, എന്നാണ് അവരുടെ നിലപാട്. എന്നാൽ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന്റെ വക്താവായ വി. പൗലോസ് ഈ നിലപാടിനോടു വിയോജിക്കുന്നു. അദ്ദേഹം രണ്ടു വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ തള്ളിക്കളയുകയാണ്.

1. പ്രബുദ്ധരായ സഭാവിശ്വാസികളുടെയും സഭാനേതാക്കളുടെയും വിജ്ഞാനികളായ സഭാംഗങ്ങളുടെയും വാക്കുകളും പ്രവൃത്തികളും സാധാരണ വിശ്വാസസമൂഹം പ്രത്യേകം ശ്രദ്ധിക്കുന്നു. അവ ശരിയെന്ന് കരുതി അനുകരിക്കുകയും ചെയ്യുന്നു. വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നതിലും ഈ പണ്ഡിത വിശ്വാസികൾക്ക് അവരുടേതായ ന്യായവും യുക്തിയും പറയാനുണ്ട്. അതുതെറ്റെന്നോ യുക്തിഹീനമെന്നോ പറഞ്ഞുകൂടാ. എന്നിരുന്നാലും ഇവർ വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് കാണുന്ന സാധാരണ വിശ്വാസികൾ അതിനെന്തെങ്കിലും ശക്തി കണ്ടേക്കുമെന്ന് കരുതി ഫലപ്രാപ്തി പ്രതീക്ഷിച്ച് ഭക്ഷിച്ചുവെന്നുവരാം. അത് വിശ്വാസഭംഗത്തിന് കാരണമാകുന്നു. അങ്ങനെ അവർ പാപത്തിൽ വീഴുന്നു. വിഗ്രഹാർപ്പിതം ശക്തിരഹിതമെന്ന് മനസ്സിലാക്കി ഭക്ഷിക്കുന്ന വിവരമുള്ളവർ പാപത്തിൽ പതിക്കാതെ, വിവരം കുറഞ്ഞ ബലഹീനരെ പാപികളാക്കുന്നതിന് വഴി തെളിയിക്കുന്നു. അത് തെറ്റും കുറ്റകരവും പാപവുമാണ്.

2. വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് വിശ്വാസവിരുദ്ധമെന്ന് കരുതിപ്പോന്ന സാധാരണക്കാരായ വിശ്വാസികളിൽ (പ്രത്യേകിച്ച് യഹൂദ പശ്ചാത്തലമുള്ളവർ) പ്രബുദ്ധരായ വിശ്വാസികൾ പരസ്യമായി വിഗ്രഹാർപ്പിത മാംസം ഭക്ഷിക്കുന്നതുകാണുമ്പോൾ ആശയക്കുഴപ്പ

മുണ്ടാകുന്നു. അങ്ങനെ വിവേചന രഹിതമായി വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നവർ ഇവരുടെ വിമർശനത്തിന് വിധേയരാകുന്നു. ഈ നടപടി സഭയിൽ തർക്കത്തിനും ഭിന്നതയ്ക്കും കാരണമാക്കുന്നു. ഈ രണ്ടുകാരണങ്ങളാൽ വി. പൗലോസ് സഭയിലെ പ്രബുദ്ധവിഭാഗത്തിന്റെ വിഗ്രഹാർപ്പിത മാംസഭക്ഷണം വിലക്കുന്നു. മാത്രമല്ല മാംസം തന്നെ പൂർണ്ണമായി വർജ്ജിച്ച് മാതൃകകാണിക്കുകയും ചെയ്യുന്നു.

സഭയിലെ ചില പ്രഗത്ഭരുടെയും ഉന്നത സ്ഥാനികളുടെയും, സഭയേയും ജനത്തെയും കരുതാതെയുള്ള സംസാരവും, പ്രവൃത്തികളും സഭയിലും സമൂഹത്തിലും ആശയക്കുഴപ്പങ്ങളും, വിഭാഗീയതയും, ദുർമാതൃകയും സൃഷ്ടിക്കുമെന്ന കാര്യം ഈ വേദഭാഗം ഓർമ്മപ്പെടുത്തുന്നു.

മേൽപട്ടക്കാർ ഉൾപ്പെടെയുള്ള സഭാനേതാക്കൾ, വളരെ സൂക്ഷിച്ച് മാത്രം സമൂഹത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് സൂചിപ്പിച്ചുകൊണ്ട് പ്രൊഫ.ഡോ.എം.പി. മത്തായി അടുത്തകാലത്ത് വാട്ട്സ് ആപ്പിൽ ഒരു കുറിപ്പുനൽകി. ഈ കുറിപ്പ് അദ്ദേഹം തയ്യാറാക്കിയത് ഒരു മെത്രാപ്പോലീത്തായുടെ പ്രസ്താവനയോടുള്ള പ്രതികരണമായിട്ടാണ്. അദ്ദേഹം പറയുന്നു: "ഇൻഡ്യൻ നീതിശാസ്ത്രത്തിൽ ത്യാജ്യഗ്രാഹ്യ വിവേചനം എന്നൊരു പരികൽപനയുണ്ട്. വാക്കിലും പ്രവൃത്തിയിലും എല്ലാ മനുഷ്യരും പാലിക്കേണ്ട ഒരു നൈതിക നിഷ്ഠയാണിത്. സമൂഹത്തിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവർ ഇത് പാലിക്കണമെന്നത് ഒരു അലിഖിതനിയമമാണ്. അഭി.യൂലിയോസ് തിരുമേനി മാധ്യമങ്ങളോടു സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനം ആവശ്യപ്പെടുന്ന അവധാനത പാലിച്ചില്ല". "എന്തുപറയണം എന്നതുപോലെ തന്നെ പ്രധാനമാണ് എന്ത് പറയരുത് എന്നതും." അതായത് യുക്തിഭദ്രമായ കാര്യങ്ങൾപോലും പൊതുവിൽ പ്രസ്താവിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും പരമാവധി പക്വതയും ദീർഘവീക്ഷണവും വിവേകവുമെല്ലാം കാണിക്കേണ്ടതാണ്. ഈ കാര്യം, മത്തായി സാർ അഭി.മെത്രാപ്പോലീത്തായെ അനുസ്മരിപ്പിക്കുമ്പോൾ ഈ വചനഭാഗത്തിന്റെ കാലികത നമ്മെ ഓർമ്മപ്പെടുത്തുന്നു.

പ്രസ്തുത വേദഭാഗത്ത് പൗലോസ് അപ്പോസ്തലന്റെ ഇടയത്തപരമായ കരുതലാണ് പ്രകടമാകുന്നത്. സഭയിലെ വിജ്ഞരുടെ അറിവും പ്രബുദ്ധതയും, സാമർത്ഥ്യം വെളിപ്പെടുത്തുന്നതിനും സ്വാർത്ഥലക്ഷ്യം നേടുന്നതിനും ആയിരിക്കരുത്. മറിച്ച്, സഭയുടെ കെട്ടുപണിയ്ക്കും വളർച്ചയ്ക്കും ഐക്യത്തിനും സത്യവിശ്വാസത്തിലുള്ള പുലർച്ചയ്ക്കുമായിരിക്കണം എന്നാണ് വി.പൗലോസിന്റെ ചിന്ത. അതായത് ഒരുവന്റെ വാക്കിന്റെയും പ്രവൃത്തിയുടെയും താത്വികമായ ശരിതെറ്റുകൾക്കപ്പുറത്ത് കാര്യം സാധാരണ വിശ്വാസിയുടെ സഭാജീവിതത്തെ എപ്രകാരം ബാധിക്കും എന്ന് കൂടി പ്രബുദ്ധർ എന്നു ചിന്തിക്കുന്നവരും സഭാനേതാക്കളും ആലോചിക്കണം. നേതാക്കന്മാരുടെ വ്യക്തിപരമായ അധികാര-അവകാശ-സ്വാതന്ത്ര്യങ്ങളല്ല അവരുടെ വാക്കുകളെയും നടപടികളെയും നിയന്ത്രിക്കേണ്ടത്. പ്രത്യുത, അവ എങ്ങനെ വിശ്വാസ സമൂഹത്തെ ബാധിക്കുമെന്നാണ്. ഈ കരുതൽ സഭാരംഗത്ത് എല്ലാതലത്തിലും തീർത്തും ഇല്ലാതെവരുന്നു എന്ന നിരീക്ഷണം വ്യാപകമാകുന്നു. ആവശ്യമായ ആലോചനകൾ കൂടാതെ ഉപചാപകരുടെ താത്പര്യപ്രകാരം അധികാരം മുതലാക്കി ഗർവ്വിന്റെ ഭാഷയാണ് എവിടെയും ശ്രവിക്കാൻ കഴിയുന്നത്. കുർബ്ബാനമധ്യേ ഏവൻഗേലിയോൻ സംബന്ധിച്ച വചന ശുശ്രൂഷയിൽപോലും ഇതാണ് വിശ്വാസികൾ കേൾക്കുന്നത്. മീശ നരയാകാത്ത സഭാമേലദ്ധ്യക്ഷന്മാർ ഉൾപ്പെടെ കസേരയിൽ മലർന്നുകിടന്നാണല്ലോ വചനപ്രഘോഷണം എന്ന പേരിൽ നടത്തുന്ന കസർത്ത്. കഴിഞ്ഞ തലമുറയിൽപ്പെട്ട പിതാക്കന്മാരെ പരിചയമുള്ളവർക്ക് ഇത് ആസ്വദിക്കുവാൻ കഴിയുന്നില്ല എന്നതും ഓർക്കേണ്ട കാര്യമാണ്.

ഇത്തരക്കാർ എന്തുചെയ്യണമെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു. "വിശ്വാസത്തിൽ ബലഹീനരായവർ പാപത്തിൽ പതിക്കാതിരിക്കുന്നതിന് നിങ്ങളുടെ സ്വാതന്ത്ര്യം കാരണമാകരുത്. ക്രിസ്തു ആർക്ക് വേണ്ടി മരിച്ചുവോ, ആ ബലഹീന സഹോദരൻ നിന്റെ അറിവിനാൽ നശിക്കുന്നു." പൗലോസിന്റെ ഉഗ്രമായ ശാസനയും ഓർമ്മപ്പെടുത്തലുമാണിവിടെ. സഹോദരന് ഇടർച്ച വരുത്തുന്ന ഇത്തരക്കാർ എന്തുചെയ്യണമെന്ന് കർക്കശമായ വാക്കുകളിൽ കർത്താവു പറയുന്നു. ഈ "ചെറിയവരിൽ ഒരുവന് ആരെങ്കിലും ഇടർച്ച വരുത്തുന്നു എങ്കിൽ അവൻ കഴുത്തിൽ തിരികല്ലുകെട്ടി കടലിൽ ചാടട്ടെ" (മത്തായി 10:6, മർക്കോ. 9:42). എല്ലാക്കാലത്തും ചെറിയവരോട് കരുതലില്ലാതെ ജീവിക്കുന്ന പ്രബുദ്ധർക്കും, സഭാനേതാക്കന്മാർക്കും കർത്താവ് നൽകുന്ന ഉപദേശമാണിത്. വ്യവസ്ഥയില്ലാതെ വർത്തമാനം പറഞ്ഞ്, വേഷം കെട്ടി മേനി നടിച്ചു നടക്കുന്നത് സഭയ്ക്ക് എത്രമാത്രംദോഷം വരുത്തുന്നു എന്നതിന്റെ സൂചനയാണ്

ഇവിടെ. പാവപ്പെട്ട വിശ്വാസികളെ വഴിതെറ്റിക്കുകയും വിശ്വാസസമൂഹത്തിൽ ആശയക്കുഴപ്പവും ഭിന്നതയും സൃഷ്ടിക്കുകയും ചെയ്യുന്നവർ ഈ തിരുവചനഭാഗം ശ്രദ്ധയോടെ ഓർക്കുക. ഒരുവന്റെ ആഹാരരീതിപോലും സഹവിശ്വാസികൾക്ക് വിഷമമുണ്ടാക്കുന്നുവെങ്കിൽ അയാളെപ്രതി അത് വർജ്ജിക്കുന്നതിനാണ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത്. അദ്ദേഹം അതു നിർവ്വഹിച്ചു മാതൃക കാണിക്കുകയും ചെയ്യുന്നു.

ഇടയധർമ്മത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല വി.പൗലോസ് വിഗ്രഹാർപ്പിത ഭക്ഷണം കഴിക്കുന്നതിനോട് വിയോജിക്കുന്നത്. വേദശാസ്ത്രപരമായ വിമർശനവും അദ്ദേഹത്തിന്റെ പ്രതികരണത്തിലുണ്ട്. ലോകത്തിൽ പല ദൈവങ്ങളും കർത്താക്കന്മാരും വാഴുന്നു. എന്നാൽ നമുക്കാകട്ടെ പിതാവെന്ന ദൈവവും ക്രിസ്തു എന്ന കർത്താവുമേയുള്ളൂ. (1കോറി 8:6). അതുകൊണ്ട് മറ്റൊരു ദൈവത്തേയും ആരാധിക്കുവാൻ ക്രൈസ്തവവിശ്വാസിക്കു അനുവാദമില്ല. ഉപാധികളില്ലാത്ത കർതൃസ്നേഹവും പിതാവിനോടുള്ള വിധേയത്വവും ക്രിസ്തു ആവശ്യപ്പെടുന്നത് നാം വിശ്വാസത്തിൽ നിലനിൽക്കുന്നതിനു വേണ്ടിയാണ്. മറ്റാരിലെങ്കിലും ആശ്രയിക്കുന്നതോടെ ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവത്വത്തിലും കർത്താവിനോടുള്ള വിശ്വാസത്തിലും കലർപ്പു ചേരുന്നു. അതുകൊണ്ട് മറ്റാരിലും മറ്റൊന്നിലുമുള്ള ആശ്രയവും സമർപ്പണവും വിശ്വാസ വിരുദ്ധമാണ്. പ്രാഥമിക അവലോകനത്തിൽ യുക്തിഭദ്രമെന്നു തോന്നുന്നകാര്യം പോലും പുനർവിചിന്തനത്തിൽ അപ്പോസ്തലൻ തിരസ്കരിക്കുന്നു. ഈ അന്യമായതിനോടുള്ള സ്നേഹവും ആരാധനയും ഇതര ദൈവരൂപങ്ങളോടു മാത്രമല്ല അവയുടെ സ്ഥാനത്ത് നാം പ്രതിഷ്ഠിക്കുന്ന എന്തിനോടുമുള്ള മനോഭാവമായി മാറാവുന്നതാണ്. പണവും, അധികാരവും, വ്യക്തിയും സ്ഥാനവുമെല്ലാം ആരാധനാമൂർത്തികളായി പരിണമിച്ചുകൊണ്ടിരിക്കുകയാണല്ലോ.

കർക്കശമായ യുക്തിയും പ്രബുദ്ധതയുമല്ല സഭാ വിശ്വാസജീവിതത്തെ നിയന്ത്രിക്കുന്നത്. നേരേമറിച്ച് ക്രിസ്തുവിനോടുള്ള വ്യക്തിബന്ധവും സുവിശേഷ മർമ്മങ്ങളിലുള്ള അടിയുറച്ച വിശ്വാസവും നമ്മുടെ ഇടയിൽ തന്നെയുള്ള ചെറിയവരോടുകാണിക്കുന്ന കരുതലുമെല്ലാമാണെന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

തെറ്റുപറ്റിയാൽ തിരുത്തുകയാണ് വേണ്ടത്. അതല്ലാതെ നിഷേധമൊ, തർക്കമൊ, എതിർപ്പോ, ഭീഷണിയൊ, ആക്രമണമൊ സമവായമൊ ഒന്നുമല്ല പരിഹാരം. പുകമറ സൃഷ്ടിച്ചോ, കള്ളപ്രസ്താവനകൾ ഉരുവിട്ടോ, എതിർപ്രചാരണം നടത്തിയൊ സഭാംഗങ്ങളെയും പൊതുജനത്തെയും കബളിപ്പിക്കുകയുമല്ല ചെയ്യേണ്ടത്. അഭിപ്രായ ഭിന്നതകളും പിളർപ്പും സഭയിലും സമൂഹത്തിലും സംഘടനകളിലുമൊക്കെ സാധാരണമാണ്. അവിടെയെല്ലാം സത്യത്തെ കണ്ടെത്താനും, അതിനോടു ചേർന്നു നിൽക്കാനും അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുവാനുമാണ് ശ്രമിക്കേണ്ടത്. അങ്ങനെ അവ പരിഹരിച്ച് വിഭജനം ഒഴിവാക്കി ഒന്നായി മുമ്പോട്ടു പോകണം. മറിച്ച്, പിളർപ്പിൽ ലാഭം കണ്ട്, ഭൂരിപക്ഷം ചേർന്ന് സത്യഹത്യ നടത്തി, മുതലെടുപ്പിന് ശ്രമിക്കരുത്. മത-സഭാ നേതാക്കളെങ്കിലും ഇക്കാര്യത്തിൽ മാതൃക കാണിക്കേണ്ടതുണ്ട്.

ന്യായാധിപന്മാരെ രാജ്യത്തെ നിയമങ്ങൾ അറിയുന്ന, യോഗ്യരായ മധ്യസ്ഥരായി കാണണം. അവരുടെ വിധിത്തീർപ്പുകൾ പരിശോധിക്കപ്പെട്ട നിയമങ്ങളും അനുരഞ്ജനാത്മക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയുമായിരിക്കും. അവരുടെ പക്കൽ നാം നീതിതേടി എത്തുകയല്ലേ? അതിനുശേഷം വിധി പറഞ്ഞുകഴിയുമ്പോൾ നിഷേധിക്കുന്നതു ശരിയല്ലല്ലോ. ഒരു സംസ്കൃത സമൂഹത്തിനും നീതിപീഠത്തെ നിഷേധിക്കാൻ സാധ്യമല്ല. നിഷേധിച്ചാൽ അതിനു നിലനിൽക്കാൻ കഴിയില്ല. ജുഡീഷ്യറിക്കും തെറ്റുപറ്റിക്കൂടെന്നില്ല. അതു തിരുത്തുന്നതിനാണല്ലോ അപ്പീൽ സംവിധാനമുള്ളത്. കക്ഷികൾ വിധി സ്വയം വ്യാഖ്യാനിക്കുന്നതും വിധി വന്ന ശേഷം ദോഷമെന്നു കണ്ടാൽ സമവായത്തിന് ശ്രമിക്കുന്നതുമെല്ലാം ശരിയായ നടപടികളല്ല.

വിധിനടപ്പാക്കലിൽ സർക്കാർ വിമുഖതയൊ, വിവേചനമൊ, പക്ഷഭേദമോ, കൃത്രിമമൊ കാണിച്ചാൽ അതിന്റെ ദുഷ്ഫലം വ്യാപകമായിരിക്കും. 'കൂടുതൽ അക്രമം, കൂടുതൽ പരിഗണന' എന്ന രാഷ്ട്രീയ പാർട്ടികളുടെയും സർക്കാരിന്റെയും ഇന്നത്തെ നയം ഭീകരപ്രവർത്തനം വർദ്ധിപ്പിക്കും. സത്ഭരണം ഒരിക്കലും സാധ്യമല്ലാതെ വരും. നേരേമറിച്ച്, നിയമബോധവും നിയമവാഴ്ചയുമുള്ള ഒരു സമൂഹത്തിൽ ഭരണം എത്ര എളുപ്പവും സുഗമവുമാണ്! എണ്ണയിട്ട യന്ത്രം പോലെ സർക്കാർ മെഷിനറി പ്രവർത്തിക്കും. ശബരിമലയിലും മലങ്കര സഭാകാര്യത്തിലും കേരള സർക്കാർ ഇരട്ടത്താപ്പ് കാണിച്ചു. അതിന് തിരിച്ചടി കിട്ടുകയും ചെയ്തു. ഈ നയം തുടർന്നാൽ പ്രഹരം കൂടുതൽ കനത്തതായിരിക്കും. □

**ലേഖനം**

# കാലാവസ്ഥാ വ്യതിയാനവും സഭകളുടെ ധർമ്മവും

(തുടർച്ച)

പ്രൊഫ. (ഡോ.) കെ.പി. ജോയി

**കാലാവസ്ഥാ നീതി നിർവ്വഹണം.**

ആരാധനയിലൂടെയും, അനുഷ്ഠാനത്തിലൂടെയും ദിവ്യകർമ്മത്തിലൂടെയും ദൈവത്തെ സ്തുതിക്കുകയും, പ്രവൃത്തിയിലൂടെ ദൈവസൃഷ്ടിയായ പരിസ്ഥിതിയേയും, പ്രകൃതിയേയും നശിപ്പിക്കുകയും ചെയ്യുന്ന ശൈലി ദൈവവിശ്വാസമായി ഒത്തുപോകുന്നതല്ല. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് (WCC) ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി 2007- സെപ്റ്റംബറിൽ ചേർന്ന മീറ്റിംഗ് സഭകൾ "കാലാവസ്ഥാനീതി" (Climate Justice) നിർവ്വഹണം നടത്തണമെന്ന് ആവശ്യപ്പെട്ടു. കാലാവസ്ഥാവ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിൽ വിശ്വാസസമൂഹങ്ങളുടെ ചിന്താരീതിയിലും പ്രവർത്തനശൈലിയിലും ഒരു വലിയ ഗതിമാറ്റത്തിന് (Paradigm Shift) തയ്യാറാകണം എന്നും ആഹ്വാനം ചെയ്തിരുന്നു. ഈ ദുരന്തത്തിന്റെ ഫലമായുണ്ടാകുന്ന അഭയാർത്ഥി പ്രവാഹത്തിൽ കാരുണ്യത്തോടെ ഇടപെടാനുള്ള ദൗത്യവും സഭകൾ നിർവ്വഹിക്കണമെന്ന് (WCC) ഉദ്ബോധിപ്പിച്ചു. അതിന് തിരിച്ചുപോക്കും തിരുത്തലുകളും വേണ്ടിവരും. കാലാവസ്ഥാവ്യതിയാനത്തിന്റെ കാര്യകാരണങ്ങളും വിശുദ്ധ പുസ്തകത്തിലെ സൂചനകളുമായി ബന്ധപ്പെടുന്നതിനുള്ള ശ്രമങ്ങൾ വേണ്ടിയിരിക്കുന്നു. ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പ്രവർത്തനത്തിന്റെ ഫലമായി ഉണ്ടാകുന്ന കാർബൺ-ഡൈ-ഓക്സൈഡിന്റെ അളവിൽ (Carbon Foot Print) കുറവു വരുത്തുന്നതിനുള്ള മനോഭാവമാണ് ആദ്യമായി വേണ്ടത്.

ലോകപരിസ്ഥിതി സംരക്ഷണത്തിന് നേതൃത്വം കൊടുക്കുന്ന യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാമിലും (UNEP) അതിന്റെ ലോകത്തെമ്പാടുമുള്ള അനുബന്ധ സ്ഥാപനങ്ങളിലും കാർബൺ ന്യൂട്രാലിറ്റി കൈവരിച്ചിരിക്കുന്നു. നമുക്കും അത് സാധിക്കുമെന്നുള്ളതിന്റെ ധാരാളം മാതൃകകൾ നമ്മുടെ മുമ്പിലുണ്ട്. കോസ്റ്റാറിക്ക, ന്യൂസിലൻഡ്, നോർവെ മുതലായവ രാജ്യങ്ങൾ പോലും കാർബൺ ന്യൂട്രാലിറ്റിക്ക് ശ്രമിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ചൈനയിലെ ചില ഉല്പാദകരാകട്ടെ (ഉദാ.ബ്രോഡ് ഗ്രൂപ്പ് പ്രൊഡ്യൂസേഴ്സ്) 200% വൈദ്യുതി കാര്യക്ഷമതയുള്ള എയർകണ്ടീഷണർ ഉല്പാദിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പാരീസിലും, വിയന്നയിലും, ഗ്രീൻ ഹൗസ് വാതകങ്ങളുടെ ഉൽപാദനം കുറയ്ക്കാൻ പബ്ലിക് ബൈസൈക്കിൾ സിസ്റ്റം തന്നെ നിഷ്കർഷിച്ചിരിക്കുന്നു. എവിടെ, എങ്ങനെ, ഹരിതഗൃഹ വാതകങ്ങൾ ഉൽപാദിപ്പിക്കുന്നു എന്ന തിരിച്ചറിവാണ് പ്രധാനം. വലിയ സ്ഥാപനങ്ങളാകട്ടെ ഗ്രീൻഹൗസ് വാതകങ്ങളുടെ ഉൽപാദനത്തിന്റെ പുതിയ മാനദണ്ഡമായ ISO 14064 ൽ പടിപടിയായി എത്താനുള്ള തന്ത്രങ്ങളും കർമ്മപരിപാടികളും ഉടൻ പ്ലാൻ ചെയ്യേണ്ടതാണ്. നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും അനുബന്ധസ്ഥാപനങ്ങളിലും തുടക്കത്തിൽ ഊർജ്ജോപയോഗം 10% കുറച്ചാലത് ഗ്രീൻഹൗസ് ഗ്യാസിന്റെ കാര്യത്തിൽ 10% കുറവുണ്ടാക്കും. ഉദാഹരണത്തിന് കെട്ടിടങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കും വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനത്തിനും കുറവുവരുത്തിയാൽ മാത്രം മതി. അനാവശ്യത്തിന് വാഹനങ്ങൾ ഉപയോഗിക്കുമ്പോഴും ആഡംബരത്തിനും അലങ്കാരത്തിനും വേണ്ടി ആവശ്യത്തിൽക്കൂടിയ വൈദ്യുതി പെരുന്നാളിനും പ്രദക്ഷിണത്തിനും ഉപയോഗിക്കുമ്പോഴും അടുത്ത തലമുറയുടെ നിലനിൽപിനെയാണ് ബാധിക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടായിരിക്കണം.

40% കാർബൺ ഉൽപ്പാദിപ്പിക്കപ്പെടുന്നത് പരമ്പരാഗത കെട്ടിടങ്ങളിൽ നിന്നാണെന്ന് യു.എൻ.ഇ.പി. കണക്കാക്കുന്നു. പുതിയ ആരാധനാലയങ്ങൾ നിർമ്മിക്കുമ്പോഴും പഴയവ പുതുക്കിപണിയുമ്പോഴും കാലാവസ്ഥാ സൗഹൃദമായ "ഗ്രീൻ ആർക്കിടെക്ച്ചറിന്റെ" മാനദണ്ഡങ്ങൾ സഭ നിഷ്കർഷിക്കേണ്ടിയിരിക്കുന്നു. കേന്ദ്രഗവൺമെന്റ് 2025 ആകുമ്പോൾ വെള്ളവും ഊർജ്ജവും ലഭിക്കാനും ഉറവിടങ്ങളിൽ ത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ഉതകുന്ന ഗ്രീൻ ബിൽഡിംഗ് ടെക്നോളജി നിഷ്കർഷിച്ചിരിക്കുകയാണ്. കേരത്തിലും കർണ്ണാടകയിലും കെട്ടിടങ്ങൾ പണിയുമ്പോൾ കേന്ദ്രഗവൺമെന്റ് അംഗീകാരമുള്ള GRIHA (Green Rating for Integrated Habitat Assessment) മാനദണ്ഡങ്ങൾ ഇപ്പോൾ തന്നെ നിർബന്ധമാണ്. വ്യക്തി ജീവിതത്തിൽപോലും കാർബൺ ഉല്പാദിപ്പിക്കുന്ന ശൈലിയിൽനിന്നും ഒഴിഞ്ഞുനിൽക്കണം. (Low Carbon Life Style) കാർബൺ ഉൽപാദനരഹിത ജീവിതരീതി (De- Carbonize) നയി

ക്കാനുള്ള എത്രയോ മാതൃകകളും അറിവുകളും ഇന്ന് ലഭ്യമാണ്. ഉദാഹരണത്തിന് പായ്ക്കിങ്ങിനോ മറ്റ് ഉപയോഗത്തിനോ ഒരു ടൺ പരിചംക്രമണം (recycle) ചെയ്ത കടലാസോ, കാർഡ്ബോർഡോ ഉപയോഗിക്കുമ്പോൾ മാത്രം 1.4 ടൺ കാർബൺ -ഡൈ-ഓക്സൈഡിന്റെ കുറവ് ഉണ്ടാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഇനി യാത്രകളെക്കുറിച്ചു ചിന്തിക്കാം. ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിക്കുന്നതും കാർബൺ-ഡൈ-ഓക്സൈഡ് ഉൽപ്പാദിപ്പിക്കുന്നതും യാത്രകളിലാണ്. പക്ഷേ ടെക്നോളജി വളർന്നതുമൂലം വീഡിയോ കോൺഫറൻസുകൾ വഴി എത്രയോ യാത്രകളൊഴിവാക്കാൻ സാധിക്കും. ആയിരം കിലോമീറ്റർ ഒരു ദിവസം യാത്ര ചെയ്ത് ഒരു കോൺഫറൻസിൽ പങ്കെടുക്കുമ്പോൾ യാത്രക്കൂലി, താമസം, ആഹാരം എന്നിവയ്ക്ക് വേണ്ടി ഒരു ലക്ഷം രൂപാവരെ ചിലവഴിക്കുന്ന ഒരാൾക്ക് വീഡിയോ കോൺഫറൻസിലൂടെ വെറും ആയിരം രൂപയേ ചിലവാകൂ. അയാൾ ലാഭിക്കുന്നതാകട്ടെ അര ടൺ കാർബൺ-ഡൈ-ഓക്സൈഡും. ടെലികമ്മ്യൂട്ടിംഗ് (Telecommuting) ഒരു ബദലായി എന്തുകൊണ്ട് സ്വീകരിച്ചുകൂടാ? പണം ലാഭിക്കാൻ മാത്രമല്ല, നാൽപതു ലക്ഷം ടൺ കാർബൺ-ഡൈ-ഓക്സൈഡാണ് ഒരു വർഷം രാജ്യം ഇതുവഴി ലാഭിക്കുന്നത് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

കാർബൺ-ഡൈ- ഓക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന ഫോസിൽ ഇന്ധനങ്ങൾക്കു (Fossil Fuel കൽക്കരി, ഓയിൽ, പ്രകൃതിവാതകം) പകരം കാർബൺരഹിത സൗരോർജ്ജം, കാറ്റ്, തിരമാലകൾ, ബയോഗ്യാസ് എന്നീ ഊർജ്ജ സ്രോതസ്സുകൾ വളരെ വേഗത്തിലാണ് പുരോഗമിക്കുന്നത്. അതിന്റെ ടെക്നോളജി ലളിതമാക്കുകയും ചെലവു കുറയുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇൻഡ്യാ ഗവൺമെന്റ് "സൗരോർജ്ജ നഗരങ്ങൾ" സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. വഴിവിളക്ക്, ട്രാഫിക്ക് ലൈറ്റ്, വാട്ടർ ഹീറ്റർ എന്നിവ സോളാർ പാനലുകൾ അഥവാ ഫോട്ടോവാൾട്ടാക് സെല്ലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. എന്തുകൊണ്ട് നമ്മുടെ ആരാധനാലയങ്ങൾ ഇത്തരം "ഹരിത ബദലുകളെക്കുറിച്ച്" (Green Choices) ചിന്തിക്കുന്നില്ല.

**കാലാവസ്ഥാ വ്യതിയാനം നമ്മുടെ ആഹാര രീതിയെ തകിടം മറിക്കുമോ?**

ഓരോ പ്രദേശത്തിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ തനതായ ആഹാരസമ്പ്രദായങ്ങൾ ഉണ്ട്. തെക്കെ ഇന്ത്യക്കാർക്ക് അരിയും, വടക്കേ ഇന്ത്യക്കാർക്ക് ഗോതമ്പും, ശീതരാജ്യങ്ങളിൽ ഉരുളക്കിഴങ്ങും, ആഫ്രിക്കൻ രാജ്യങ്ങളിൽ ചോളവും കാച്ചിലും ഒക്കെയാണ് തനതായ ആഹാരസാധനങ്ങൾ. (Stapple Food) ആഗോളതാപനം ഇന്നത്തേതിനേക്കാൾ 3–4.5$^{0c}$ കൂടിയാൽ ഈ ആഹാരസമ്പ്രദായങ്ങൾ കാലക്രമത്തിൽ മാറിപ്പോകും. കേരളത്തിൽ അരിയോ മറ്റ് ധാന്യങ്ങളോ ആയിരിക്കുകയില്ല അടുത്ത തലമുറയുടെ ആഹാരം എന്നാണ് കാലാവസ്ഥാ വിദഗ്ധരുടെ മുന്നറിയിപ്പ്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിവുള്ള മരങ്ങളും ഭക്ഷ്യധാന്യങ്ങളും മാത്രമെ നിലനിൽക്കുകയുള്ളൂ. ഉദാഹരണമായി കാലാവസ്ഥയെ ചെറുക്കാൻ കഴിവുള്ള പ്ലാവ്, മാവ്, പേര, ആഞ്ഞില്, പുളി മരങ്ങൾ എന്നിവയ്ക്കേ പിടിച്ചുനിൽക്കാൻ സാധിക്കൂ. മാങ്ങയും, ചക്കയും, പേരക്കയും, ആഞ്ഞിലിപ്പഴയുമൊക്കെയായിരിക്കും ഇന്നത്തെ തനതായ ധാന്യങ്ങൾക്ക് പകരം 25–50 വർഷങ്ങൾ കഴിയുമ്പോൾ നമ്മുടെ മുഖ്യ ആഹാരം. നമ്മുടെ കാലാവസ്ഥയോടും പ്രകൃതിയോടും ഇണങ്ങിച്ചേരുന്ന ഇത്തരം ഭക്ഷ്യോല്പാദന സ്രോതസ്സുകളെ നിലനിർത്തേണ്ടത് അടുത്ത തലമുറയോടുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിന് തുല്യമാണ് എന്ന സന്ദേശം സഭകൾ നൽകേണ്ടിയിരിക്കുന്നു.

ചൂടിനെ സഹിക്കാനുള്ള ശക്തി പല സസ്യങ്ങൾക്കും പല രീതിയിലാണുള്ളത്. ഉദാഹരണമായി നെല്ലിന്റെ ഉത്പാദനത്തിൽ 30–33$^{0c}$ ആണ് നല്ലതെങ്കിൽ ഉരുളക്കിഴങ്ങ് 15–20$^{0c}$ ആണ് അഭികാമ്യം. ആഗോളതാപനത്തിന്റെ ഫലമായി ഈ സഹനശക്തിയുടെ അതിരുകൾ ലംഘിക്കപ്പെടും. ഗോതമ്പിന്റെയും നെല്ലിന്റെയും ചോളത്തിന്റെയും ഉത്പാദനം കുറയും. ഗ്രീൻ വെജിറ്റബിൾ ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങും. തത്ഫലമായി പച്ചക്കറികളുടെ വില കൂടും. കപ്പയും ചേനയും ചേമ്പും മണ്ണിനടിയിൽ വളരുന്നവയാണ്. പക്ഷെ അവയിൽ ഭക്ഷ്യ ഉത്പാദനത്തെ സഹായിക്കുന്ന ഇലകൾ മുകളിലാണ് വളരുന്നത്. ചൂട് കൂടുമ്പോൾ അവയുടെ വേരുകൾ നശിക്കും. മണ്ണിൽ നൈട്രജൻ സാംശീകരിക്കുന്ന ബാക്ടീരിയകൾക്ക് നിലനിൽക്കാനാവില്ല, തൽഫലമായി ഉത്പാദനം കുറയും.

ആഗോള ഉഷ്ണീകരണം ഉല്പാദനത്തെ ബാധിക്കുമെന്നു മാത്രമല്ല ചില വിളകളെ വിഷാംശം ഉള്ളവയാക്കി തീർക്കുകയും ചെയ്യും. ഉദാഹരണം മരച്ചീനി, ചോളം എന്നിവ "സയനൈഡ് ഗ്ലക്കാസിഡ്" എന്ന രാസവസ്തു ഉൽപാദിപ്പിക്കുന്ന വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളാണ്. കൂടിയ ചൂടിന്റെയും കാർബൺ ഡയോക്സൈഡിന്റെയും സാന്നിധ്യത്തിൽ ഇവ വിഷാംശം ഉള്ളതായി മാറും. അതുകൊണ്ട് വലിയ വരൾച്ച ഉള്ളപ്പോൾ മരച്ചീനി ഉപയോഗിക്കുന്നത് അപ

ചിന്ത

# പിറവി

വചനം: 2 കൊരിന്ത്യർ 9:15

ജോയി മേക്കോട്ടിൽ

**ലോ**കത്തെ സ്നേഹിച്ച ദൈവത്തിന്റെ അനന്തമായ കാരുണ്യമാണ് ഓരോ ജനനപ്പെരുന്നാളും നമ്മെ ഓർമ്മപ്പെടുത്തുന്നത്. ദൈവം മനുഷ്യനോട് വിനിമയം ചെയ്ത ഏറ്റവും സരളമായ ഭാഷയാണ് പശുത്തൊട്ടിയിൽ കിടക്കുന്ന ശിശു. സമസ്ത ലോകത്തിനും അവകാശപ്പെട്ട സന്തോഷത്തിന്റെ സദ്വാർത്ത! അതുകൊണ്ട് തന്നെയാവണം വി.പൗലോസ് ഇതിനെ പറഞ്ഞു തീരാത്ത ദൈവത്തിന്റെ ദാനമെന്നൊക്കെ വിശേഷിപ്പിക്കുന്നത്. ആരിൽ നിന്നും അവൻ ഒഴിഞ്ഞുനിൽക്കുന്നില്ലല്ലോ? ആർക്കും എത്തിച്ചേരാവുന്ന ചെറിയ ദൂരമായി ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ (വി. ലൂക്കോ 2:12). അതെ, യേശുവിനെ തിരിച്ചറിയുവാൻ ദൂതന്മാർ ആട്ടിടയന്മാർക്ക് നൽകുന്ന അടയാളമാണിത്. പട്ടിനുള്ള മൂലവസ്തു സൃഷ്ടി ചെയ്ത ദൈവമാണിവിടെ ഈ കീറ്റുശീലയിൽ കിടക്കുന്നതെന്ന് മഹാകവി കെ.വി. സൈമൺ പാടിയത് വെറുതെ ഓർക്കുക.

എല്ലാ രാവുകളിലും സ്വന്തം മേൽക്കൂരയ്ക്കു കീഴെ സ്വസ്ഥമായി പുതച്ചുറങ്ങുന്ന നമ്മൾ പാതിരാവുകളിൽ ഒരിക്കലെങ്കിലും തെരുവിലേക്ക് ഒന്ന് ഇറങ്ങി നടക്കുക. നഗരത്തിന്റെ ഓരങ്ങളിൽ ഉടുതുണി ഉരിഞ്ഞ് പുതച്ചുറങ്ങുന്നവർ, ഒരു കാനേഷുമാരിയുടേയും കണക്കിൽപ്പെടാതെ ആകാശമെന്ന മേലാപ്പിനെമാത്രം അഭയമാക്കിയവർ.! ഓരോ രാവിലും ഇങ്ങനെ എത്രയെത്ര അശരണ ജന്മങ്ങളാണ് നഗരത്തെരുവുകളിൽ ഇടം തേടുന്നത്. എത്രയെത്ര പേരാണ് ഓരോ ദിനവും ആകാശക്കീഴിലേക്ക് വലിച്ചെറിയപ്പെടുന്നത്. അവർക്കെല്ലാമിടയിൽ ബെത്ലേഹേമിലെ തെരുവോരത്ത് ദൈവമേ...! അന്നത്തെ സമൂഹത്തിന് പേർചൊല്ലി വിളിക്കാൻ പോലും ധൈര്യമില്ലാതിരുന്ന ദൈവം ഇങ്ങനെയാണ്, ഇത്ര അനാഥനായിട്ടാണ് നമുക്കിടയിലേക്ക് കടന്നുവരുന്നത് എന്നതാണീ പിറവി തിരുനാളിൽ ഒന്നാമതായി നാം ധ്യാനിക്കേണ്ടത്. അപ്പോൾ നമ്മുടെ പ്രാർത്ഥനകൾക്ക് അൽപംകൂടി ദിശാബോധം ലഭിക്കും...!

നമുക്ക് ചുറ്റും എപ്പോഴും ആരൊക്കെയാണെന്നതാണ് നമ്മെത്തന്നെ തിരിച്ചറിയാൻ ഏറ്റവും എളുപ്പം. ഇതിന് മറ്റാരുമായല്ല നമ്മെ താരതമ്യപ്പെടുത്തേണ്ടത് ക്രിസ്തുവുമായിത്തന്നെ.! അവന്റെ പിറവി പോലെ തന്നെ പരസ്യ ജീവിതത്തിലും ആരൊക്കെയാണ് എപ്പോഴും അവനു ചുറ്റിലും ഉണ്ടായിരുന്നത്. വേശ്യകളും, ചുങ്കക്കാരും, നിരാലംബരും ദരിദ്രരുമൊക്കെത്തന്നെ. സമൂഹമെപ്പോഴും തീണ്ടാപ്പാട് അകലെ മാറ്റിനിർത്തിയവർ മാത്രം. ഒരു നേരത്തെ അന്നത്തിനു വകയില്ലാത്തവരെ മാത്രമല്ലല്ലോ വി.വേദപുസ്തകം ദരിദ്രരെന്നും, നിരാലംബരെന്നും വിളിക്കുന്നത്. കഴിവുള്ളവർ മാത്രം ആദരിക്കപ്പെടുന്ന സമൂഹത്തിൽ കഴിവുകെട്ടവർ ദരിദ്രർ തന്നെ. പഠിക്കാൻ ഒത്തിരി മിടുക്കുള്ള കുഞ്ഞുങ്ങളുള്ള ക്ലാസ്സ് മുറിയിൽ അതിന് ആവതില്ലാത്ത കുഞ്ഞും ദരിദ്രൻ തന്നെ. ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്കിടയിൽ കാലിന് ബലമില്ലാത്ത കുട്ടിയും ഒരർത്ഥത്തിൽ ദരിദ്രൻ തന്നെ. ഇങ്ങനെ ധാർമ്മികതയുടെ കപടമായ പൊയ്മുഖങ്ങളണിഞ്ഞു നിൽക്കുന്ന ഒരു സമൂഹത്തിൽ അറിയാതെ ഇടറിപ്പോയവനും ദരിദ്രൻ തന്നെ. ഇങ്ങനെയിങ്ങനെ നമ്മുടെയൊക്കെ മനസ്സിന്റെ വെളിമ്പുറങ്ങളിൽപോലും ഇടമില്ലാതിരുന്നവരാണ് എപ്പോഴും അവനു ചുറ്റിലുമുണ്ടായിരുന്നത്. തൊണ്ണൂറ്റി ഒമ്പതിനേയും ഉപേക്ഷിച്ച് കുതറിപ്പോയ ആ ഒന്നിനെ തേടിയാണവൻ ഒരു ജീവിതം കൊണ്ട് മുഴുവൻ അലഞ്ഞതും. ഒരി

---

കടം വരുത്തിവെക്കാൻ സാദ്ധ്യതയുണ്ട്. ഇത് മറികടക്കാൻ ധാരാളം പ്രോട്ടീൻ അടങ്ങിയ ഭക്ഷണസാധനങ്ങൾ കഴിച്ചാൽ മതിയാകും. വിഷാംശം ഉൽപ്പാദനക്ഷമതയെ കുറയ്ക്കുകയും ചെയ്യും. കാർബൺഡൈഓക്സൈഡിന്റെ അമിത ഉത്പാദനം തനതായ ഭക്ഷണ സാധനങ്ങളായ ഗോതമ്പ്, അരി, ചോളം, സോയാബിൻസ് എന്നിവയിലെ അത്യന്താപേക്ഷിതമായ പോഷകമൂല്യങ്ങളായ പ്രോട്ടീൻ, ഇരുമ്പ്, നാകം എന്നീ ലോഹങ്ങളുടെ അളവിൽ കുറവുണ്ടാകുന്നു എന്ന് ഗാർഡിയൻ ന്യൂസ്പേപ്പർ റിപ്പോർട്ട് ചെയ്യുന്നു.

വിശുദ്ധ പൗലോസ് റോമാക്കാർക്കു കൊടുത്ത ഒരു മുന്നറിയിപ്പ് ഇതായിരുന്നു. “ഈ സമയത്തെ അറിഞ്ഞു പ്രവർത്തിക്കുക. ഉറക്കത്തിൽ നിന്ന് ഉണരുവാൻ നാഴിക വന്നിരിക്കുന്നു.” (റോമ 13:11) ഇന്നത്തെ ഏറ്റവും സങ്കീർണ്ണമായ പരിസ്ഥിതിപ്രശ്നമായ ആഗോളതാപനത്തോടും കാലാവസ്ഥാ വ്യതിയാനത്തോടുമുള്ള സമീപനം ഈ മുന്നറിയിപ്പിനെ ആധാരമാക്കിയുള്ളതാകട്ടെ. □

**ലേഖനം**

# പട്ടാളചിട്ട: മനഃശാസ്ത്രവീക്ഷണം

**ഫാ. എഡ്വേർഡ് ജോർജ്ജ്**

‘ചിട്ട’നല്ലൊരു ശീലമാണ് എന്ന് നാം ചെറുപ്പം മുതൽ പഠിപ്പിക്കുന്നുണ്ട്. സിസ്റ്റമാറ്റിക് ആയിട്ടുനള്ള ദൈനംദിനജീവിതശൈലിയാണ് ചിട്ട എന്ന വാക്കുകൊണ്ട് നാം വിവക്ഷിക്കുന്നത്. കൃത്യസമയത്ത് ഉണരണം, കൃത്യമായ ദിനചര്യ ഉണ്ടാവണം, വാക്കിലും പ്രവൃത്തിയിലും സത്യസന്ധതയും കൃത്യനിഷ്ഠയും ഉണ്ടാവണം എന്നെല്ലാമാണ് അർത്ഥം. ചിട്ട, ജീവിതവിജയത്തിനും മാനസികാരോഗ്യസംരക്ഷണത്തിനും ഏറെ നല്ലതാണെന്ന് പരീക്ഷണ നിരീക്ഷണങ്ങളിലൂടെയും അനുഭവത്തിലൂടെയും ഏവരും സമ്മതിക്കുന്നു. അതിനാൽ തന്നെ ചെറുപ്പം മുതലേ ചിട്ടയുള്ളവരായി വളരാൻ നാം ഏവരും ശ്രമിക്കാറുണ്ട്.

എന്നാൽ, പട്ടാളചിട്ട എന്ന പദം ‘ചിട്ട’യോടൊപ്പം തന്നെ നാം കേൾ ക്കാറുള്ള മറ്റൊരു പദമാണ്. കർശനമായ ചിട്ട, വേദനിപ്പിക്കുന്ന വിധത്തിലുള്ള ചിട്ട, മനുഷ്യത്വരഹിതമായ ചിട്ട, അടിച്ചേൽപ്പിക്കപ്പെടുന്ന ചിട്ട എന്നൊക്കെ ഈ പദം വിവക്ഷിക്കുന്നു. കുറച്ചു വർഷങ്ങൾ ക്കുമുമ്പ് മലയാളഭാഷയിലിറങ്ങിയ ‘സ്ഫടികം’ എന്ന സിനിമയിലെ ചാക്കോമാഷ് എന്ന അദ്ധ്യാപക കഥാപാത്രം ഏറെ പ്രസിദ്ധമാണ്. സിനിമയിലെ ഈ കഥാപാത്രം പട്ടാളച്ചിട്ടയ്ക്ക് ഒന്നാംതരം ഉദാഹരണമാണ്. കണക്കിലാണ് ഈ മാഷിന്റെ ഓരോ സ്പന്ദനവും. കൃത്യതക്കാരനും കണിശക്കാരനും കൃത്യതയ്ക്കുവേണ്ടി മറ്റുള്ളരുടെ സെന്റിമെന്റിനെ/വികാരങ്ങളെ ചവിട്ടിമെതിക്കാൻ വൈമുഖ്യം ഇല്ലാത്തവനുമാണ് ഈ കഥാപാത്രം. അതായത്, ശരികൾക്കുവേണ്ടി തെറ്റു ചെയ്യുന്ന മനുഷ്യൻ. ഇദ്ദേഹത്തിന്റെ പെരുമാറ്റത്തെ വേണമെങ്കിൽ ‘പട്ടാളച്ചിട്ട’ എന്ന പദം കൊണ്ട് സൂചിപ്പിക്കാവുന്നതാണ്.

നമ്മുടെ സമൂഹത്തിൽ 2.1–7.9% ആളുകൾ പൊതുവെ ചാക്കോമാഷിന്റെ ഗണത്തിലുണ്ട് എന്ന് പറയുന്നു. ഇന്ത്യയിൽ വളരെ ചുരുക്കം പഠനങ്ങളെ ഈ കാര്യത്തിൽ നടന്നിട്ടുള്ളൂ. ഡോ. എം. എസ്. റെഡ്ഢി 2016 ൽ പ്രസിദ്ധീകരിച്ച പഠനത്തിൽ 8.7% ആളുകൾ ഈ സ്വഭാവക്കാരാണ് എന്ന് സൂചിപ്പിക്കുന്നുണ്ട്. കുടുംബസദസ്സുകളിലും സിനിമകളിലുമൊക്കെ ചർച്ച ചെയ്യപ്പെടുന്ന ഈ ചാക്കോമാഷ് സ്വഭാവം ഒരു സ്വഭാവപ്രത്യേകത വൈകല്യമാണെന്ന് എത്ര പേർക്കറിയാം? സ്ത്രീകളെക്കാൾ ഇരട്ടി പുരുഷന്മാരിൽ കാണപ്പെടുന്ന ഈ സ്വഭാവ പ്രത്യേകതയ്ക്ക് മനഃശാസ്ത്രജ്ഞർ ഒബ്സസീവ് കംപൽസീവ് പേഴ്സണാലിറ്റി ഡിസോർഡർ (OCPD) എന്നോ അനൻകാസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ (Anankastic Personality Disorder) എന്നോ പേരുവിളിക്കുന്നു. Obsessive Compulsive Personality Disorder എന്നാൽ അതിസാധാരണമായി കൃത്യതയ്ക്കും വൃത്തിക്കും പൂർണ്ണതയ്ക്കും പ്രാധാന്യം നൽകുന്ന സ്വഭാവസവിശേഷതയാണ് അതോടൊപ്പം ഇവയെല്ലാം തങ്ങൾക്ക് ചുറ്റുമുള്ളവരിലും സാഹചര്യങ്ങളിലും അടിച്ചേൽപ്പിക്കുകയും ചെയ്യും. ഒ.സി.ഡി. പോലെ ഇത് ഒരു രോഗമല്ല, പക്ഷേ സ്വഭാവവൈകല്യമാണ്. അതായത്. ചെറുപ്പം മുതൽ അമിതകൃത്യത സ്വഭാവത്തിന്റെ ഭാഗമായി രൂപപ്പെട്ടുവരുന്ന ഒന്നാണ് ഒ.സി.പി.ഡി. അല്ലാതെ ഒ.സി.ഡി.യിലെ പോലെ ഉത്കണ്ഠ ഒഴിവാക്കാനായി ആവർത്തിച്ചു കഴുകുകയോ എണ്ണുകയോ പരിശോധിക്കുകയോ ചെയ്യുകയല്ല ഇവർ ചെയ്യുന്നത്. ഒ.സി.ഡിയിൽ ഉത്കണ്ഠയോടനുബന്ധിച്ചുള്ള അർത്ഥരഹിതമായ ആവർത്തനങ്ങൾ (ചിന്തകളോ പ്രവൃത്തികളോ)

---

ക്കലും സമൂഹത്തിന്റെ മുഖ്യധാരയോ ട് ചേർന്ന്; സുരക്ഷിതമായ വഴികളല്ല അവൻ തേടിയത് എന്നതാണ് രണ്ടാമത്തെ ധ്യാനവിചാരം.

ബാഹ്യമായ ആഘോഷങ്ങൾക്കും ആരവങ്ങൾക്കും അപ്പുറം പിറവിയുടെ ആന്തരീകസത്ത മുഴുവൻ വെളിപ്പെടുത്തുന്നതാണീ ബെത്‌ലേഹേമിന്റെ തെരുവോരത്തെ പിറവിയും ആ ജീവിതവും.! പക്ഷേ ഇന്ന് ആ ജീവിതത്തിൽ നിന്ന് നാം എത്രയെത്ര വഴുതിപ്പോയിട്ടുണ്ട്. ആറ്റുനോറ്റുണ്ടായ ഉണ്ണിയുടെ പിറന്നാളിന്റെ ഘോഷങ്ങൾക്കിടയിൽ തൊട്ടിലിൽ കുമിഞ്ഞുകൂടിയ സമ്മാനപ്പൊതികളടെ ഭാരത്തിൽ ഉണ്ണിയുടെ ജീവനാണ് ഉലഞ്ഞുപോയത് എന്ന പൊള്ളുന്ന വേദനയാണ് പൂന്താനത്തിന് ജ്ഞാനപ്പാന എഴുതാൻ പ്രേരണയായയതെന്ന് ഒരു ചരിത്രമുണ്ടല്ലോ. പുൽത്തൊട്ടിയിൽ കീറ്റുശീലകൾ ചുറ്റിക്കിടക്കുന്ന ശിശുവിന്റെ പിറവി ആഘോഷങ്ങളിൽ ആ ജീവന്റ തുടിപ്പും ചൈതന്യവും നമുക്ക് നഷ്ടപ്പെടുത്താതിരിക്കട്ടെ. അവൻ നടന്ന വഴികളിൽ ഒരു ചുവടെങ്കിൽ അത്രയെങ്കിലും നടക്കാനാവട്ടെ! □

RNI No. KERMAL/2012/46014 Date of Publication 15-8-2019 Licence No. KL/CR/ALU/WPP-02/2019-21
Registered. Reg. No. KL/ALY/0067/2019-2021 Price Rs. 10/- Licensed to Post Without Pre-payment



ആണുള്ളത്. ഒ.സി.പി.ഡി.യിൽ അവർ നിശ്ചയിക്കുന്ന കൃത്യത/ പൂർണ്ണത/ വൃത്തിക്കുവേണ്ടിയുള്ള പരിശ്രമങ്ങളും പിടിവാശിയുമാണ് ഉള്ളത്.

കൃത്യതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടിയുള്ള ശ്രമം നല്ലതല്ലേ? അതെ, തീർച്ചയായും. പക്ഷേ, ആ ശ്രമം നമുക്കുതന്നെയോ, നമ്മുടെ കൂടെ ജീവിക്കുന്ന/ പ്രവർത്തിക്കുന്നവർക്കോ ഒരു പ്രയാസമാവരുത് എന്നുമാത്രം. പക്ഷെ, ചില ആളുകളിൽ കൃത്യതയോടുള്ള ആവേശം സ്വൈര്യജീവിതത്തെ നശിപ്പിക്കുന്നു എന്നുമാത്രം. എത്ര ക്ഷീണിച്ച് അവശനായാലും വീട് മുഴുവൻ വൃത്തിയാക്കിയിട്ടേ, പാത്രം കഴുകി തുടച്ച് അടുക്കിവച്ചിട്ടേ ഭാര്യ ഉറങ്ങാവൂ എന്ന് വാശി പിടിക്കുക, നിശ്ചയിക്കപ്പെട്ട സ്ഥാനത്തുനിന്ന് ഏതെങ്കിലും ഉപകരണങ്ങളോ സാധനങ്ങളോ ആരെങ്കിലും മാറ്റി വയ്ക്കാൻ ഇടയായാൽ ദേഷ്യം പിടിക്കുക, തുണികൾ അടുക്കിവയ്ക്കുന്നതിലോ തേച്ചുമടക്കുന്നതിലോ അൽപമെങ്കിലും കൃത്യത കുറഞ്ഞാൽ ദേഷ്യം പിടിക്കുക, അക്ഷരത്തെറ്റുകളോ വ്യാകരണ പിശകുകളോ വലിയതോതിൽ അലോസരപ്പെടുത്തുക, പൂർണ്ണതൃപ്തിക്കുവേണ്ടിയുള്ള ശ്രമം പലപ്പോഴും സമയബന്ധിതമായി ഏറ്റെടുത്ത കാര്യങ്ങൾ പൂർത്തിയാക്കാനാവാതെവരികയും (തുടർന്ന് അത് ദേഷ്യത്തിലേക്കോ സങ്കടത്തിലേക്കോ അയാളെ കൊണ്ടെത്തിച്ചേക്കാം), ആചാരപരമായ, ഔപചാരികമായ പെരുമാറ്റത്തിനു അമിതപ്രാധാന്യം നൽകുക, അമിതമായ പിശുക്ക്, സമയനിഷ്ഠ പാലിക്കുന്നതിനുള്ള അതിരു കവിഞ്ഞ പിടിവാശി (മറ്റുള്ളവർ അക്കാര്യത്തിൽ പരാജയപ്പെടുമ്പോഴുണ്ടാകുന്ന അസഹ്യത) ചെറിയ കാര്യങ്ങളിൽപോലുമുള്ള അമിതമായ അനാവശ്യ ശ്രദ്ധ കാണിക്കുക (വാഹനത്തിൽ സംഭവിക്കാവുന്ന ഒരു ചെറിയ പോറൽ, ആരുടെയെങ്കിലും സംഭാഷണത്തിലുണ്ടായ ഒരു പരാമർശം, താടി രോമമോ മുടിയോ ഒക്കെ വെട്ടുമ്പോഴോ ഷേവ് ചെയ്യുമ്പോഴോ ഒക്കെ അമിതമായ കണിശം പുലർത്തുക, വസ്ത്രത്തിന്റെ വൃത്തി, വെണ്മ ഇതിനെല്ലാം വലിയ ശ്രദ്ധ ചെലുത്തുക) ഇതെല്ലാം ഇവരുടെ പ്രത്യേകതകളാണ്. ഇതു കൂടാതെ, അവരുടെ ശരി മാത്രമല്ലാതെ മറ്റുള്ളവരുടെ ശരികളെ കാണാനുള്ള വിമുഖത, ചിന്താരീതികളുടെ കാർക്കശ്യം, തെറ്റിനോടുള്ള അനിതരസാധാരണമായ അസഹിഷ്ണുത ഇതൊക്കെ ഇവരുടെ പ്രത്യേകതകളാണ്. ജോലിയിൽ കാണിക്കുന്ന അസാധാരണ ആത്മാർത്ഥത, കുടുംബത്തിൽ കാണിക്കുന്ന കൃത്യതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടിയുള്ള പിടിവാശി, ചെറിയ കാര്യത്തിൽപ്പോലും കാണിക്കുന്ന അമിത ശ്രദ്ധ ഇതൊക്കെ പലപ്പോഴും ഉത്കണ്ഠയിലേക്കും പിരിമുറുക്കത്തിലേക്കും കുടുംബബന്ധങ്ങളിലെ തകർച്ചയിലേക്കും സാമൂഹ്യബന്ധങ്ങളിലെ വിള്ളലുകളിലേക്കും ഇവരെ നയിക്കാറുണ്ട്. പലപ്പോഴും സങ്കുചിതമനസ്കരെന്നും, മുരടന്മാരെന്നും പട്ടാളം എന്നുമൊക്കെ വിളിക്കപ്പെടുന്ന ഇവർ വാർദ്ധക്യത്തിൽ എത്തുമ്പോൾ വിഷാദരോഗത്തിന്റെ പിടിയിൽപെട്ടുപോകുന്നതായി കാണുന്നുണ്ട്. പ്രായമാകുമ്പോൾ ആഗ്രഹത്തിനൊത്തവണ്ണം സ്വയം കാര്യങ്ങൾ ചെയ്യാനാവാതെ വരുന്നതും, ആശ്രയിക്കുന്നവർ തങ്ങളുടെ അത്രതന്നെ കൃത്യത പാലിക്കാതിരിക്കുന്നതുമൊക്കെ ഏറെ മനസംഘർഷങ്ങളിലേക്ക് ഇവരെ തള്ളിവിടാറുണ്ട്. സ്വന്തം ശരികൾക്കും കൃത്യതയ്ക്കും (Perfection, order and neatness) വേണ്ടി രക്തസാക്ഷികളാകുന്നവരാണിവർ.

ഇതിനു ചികിത്സ ആവശ്യമുണ്ടോ? ഒട്ടുമിക്ക ഒ.സി.പി.ഡി. ക്കാരും അവരുടെ ജീവിതം തങ്ങൾക്കു തന്നെയും കൂടെയുള്ളവർക്കും ക്ലേശം ഉണ്ടാക്കിയിട്ടാണെങ്കിലും വിജയകരമായി മുമ്പോട്ടുകൊണ്ടുപോകാറുണ്ട്. എന്നാൽ കുറച്ചുപേരെങ്കിലും തങ്ങളുടെ സ്വഭാവ പ്രത്യേകതയുടെ കാഠിന്യംകൊണ്ട് ജീവിത പ്രതിസന്ധിയിലെത്താറുണ്ട്. ഇങ്ങനെ വന്നാൽ അവിടെ ചികിത്സയ്ക്കു പ്രസക്തിയുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരക്കാർ ഏറെ ആശുപത്രിയിൽ എത്തിപ്പെടുന്നത് പഠനപ്രശ്നങ്ങളോ കുടുംബപ്രശ്നങ്ങളോ ആയിട്ടാണ്. അത്തരം പ്രശ്നങ്ങളെ വിശകലനം ചെയ്യുമ്പോൾ അതിന് അടിസ്ഥാനകാരണമാകുന്നത് മുമ്പുപറഞ്ഞ വ്യക്തിത്വപ്രശ്നം ആണെന്ന് മനസ്സിലാകും. തൃപ്തിക്കുവേണ്ടി 2 മാർക്കിന്റെ ഉത്തരം രണ്ടു പേജ് എഴുതുന്ന കുട്ടിയും, കുറ്റം പറച്ചിലിൽ സ്പെഷ്യലിസ്റ്റ് ആയ അച്ഛനും ഒക്കെ ഒ.സി.പി.ഡി.ക്കാരാകാം. തങ്ങളുടെ സ്വഭാവം പ്രശ്നമാകുമ്പോൾ ചികിത്സ അനിവാര്യമാകും. ഉത്കണ്ഠരോഗത്തിനും ഒ.സി.ഡിക്കും ഒക്കെ ഉപയോഗിക്കുന്നതുപോലെയുള്ള പാർശ്വഫലങ്ങൾ അധികമില്ലാത്ത ചില മരുന്നുകളുടെ പിൻതുണയോടെ നിരന്തരമായ കൗൺസിലിങ്ങും മനഃശാസ്ത്രചികിത്സയും ഇവരിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാറുണ്ട്. അതുകൊണ്ട്, പട്ടാളച്ചിട്ടക്കാർ ചിലപ്പോഴെങ്കിലും ചികിത്സയിലൂടെ ചിട്ടക്കാരാകുന്നത് കണ്ടിട്ടുണ്ട്. അത് അവർ ക്കും സഹപ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും നന്മവരുത്തും.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha